
CHANK BRAND



ശംഖ്മാക്ക്

കൈത്തറി ലുങ്കികൾ, കൈ
ലേസുകൾ മുതലായവ മാട്ടു
വവും, ധരിപ്പാൻ സുഖവും,
ഭംഗിയിൽ നിമ്മിതവുമാണ്.

MOHAMED ABOOBACKER & CO.

YARN & HAND LOOM PRODUCTS MERCHANTS
PHONE. 4477- GRAMS "KYLEKING"
95. THAMBU CHETTY ST.-G.T. MADRAS.

Telephone: No. B. B. 2987
Telegrams: "CHANKLUNGI"
65/11-12, Lower Chitpur Road, CALCUTTA


&

Telegrams: "CHANKMARK'
DOOR No, 84.
East Veli Street, MADURA.

മുഹമ്മദ് അബൂബെക്കർ & കമ്പനി.

84 ഈസ്റ്റ് വെളിസ്റ്റ്റീററ്, മധുര.

Contents



The simplest + most effective treatment for all ailments.

Raj + Co, Homoeo chemists, Court Road, CALICUT.

ഇവിടെ എല്ലാവിധ രോഗങ്ങളും എത്ര കാലപ്പഴക്കം ചെന്നതായാലും എളുപ്പത്തിൽ സുഖപ്പെടുത്തുന്നതിന്നുപുറമെ, ബാലചികിത്സക്ക അത്യുത്തമവും, കുട്ടികൾക്ക കഴിക്കുവാൻ വളരെ സ്വാദുള്ളതും, വസൂരി, വയറി, കോളറ, ചൊറി, കൊക്കക്കുര മുതലായ പകച്ചവ്യാധികൾ പിടിപെടാതിരിക്കുവാനും പിടിപെട്ടവർ എളുപ്പത്തിൽ സുഖപ്പെടുവാനും ഉള്ള ഹോമിയോ മരുന്നുകൾ കിട്ടുന്നതാകുന്നു.

ഉഷ്ണരോഗങ്ങൾ പിടിപെട്ടവർക്കും, പിടിപെട്ടതല്ലാലും സുഖമായെങ്കിലും അതു സംബന്ധമായി ഉണ്ടാകുന്ന മററു പല രോഗങ്ങൾക്കും ഉള്ള ഹോമിയോപ്പതി മരുന്നുകൾക്ക്

Consult our Physician
M. KRISHNAN (Homoeo)

മാപ്പിള റവ്യൂ

പുസ്തകം 5. | 1945 മെയ് | ലക്കം 1.

ഇസ്ലാംമതവും സാമുദായിക നിയമങ്ങളും

(വി. അബ്ദുൽ ഖയ്യൂം)

III

പൗരസംബന്ധിയായ ചില ചുമതലകളും ഇസ്ലാംമതം തന്റെ അനുയായികളിൽ ചുമത്തിയിട്ടുണ്ട്. എല്ലാവരോടും യോജിച്ചു ജീവിതം നയിക്കാൻ അതാവശ്യപ്പെടുന്നു. അലസജീവിതത്തെ അനുവദിക്കുന്നുമില്ല. നബി തിരുമേനി പറയുകയാണ്:— "സ്വന്തം അദ്ധ്വാനത്താൽ സമ്പാദിക്കുന്ന ആഹാരമാണ് മനുഷ്യനു ഏററവും ഉത്തമമായതു്." വീണ്ടും അദ്ദേഹം പറയുന്നു:—ദാവീദ് അദ്ധ്വാനപ്പെട്ടായിരുന്നു അദ്ദേഹത്തിന്റെ ആഹാരം സമ്പാദിച്ചിരുന്നതു്."

യാചിക്കുന്നതിനെ ഇസ്ലാംമതം കഠിനമായി വെറുക്കുന്നു. സത്യവിശ്വാസികൾ താനെ യാചിക്കുകയില്ലെന്നാണ് വിശുദ്ധഖുർആൻ പ്രഖ്യാപിക്കുന്നതു്. യാചന ആത്മാഭിമാനത്തെ കെടുത്തുന്ന ഒരു കൃത്യമായതുകൊണ്ടു് അതു ചെയ്യാതിരിക്കാൻ മുഹമ്മദു നബി തന്റെ അനുയായികളോടു സദാ പ്രബോധിപ്പിച്ചുകൊണ്ടിരുന്നു. അദ്ദേഹം പറയുന്നു:—"യാചിക്കുന്നവന്റെ കരത്തെക്കാൾ ശ്രേഷ്ഠമായതു കൊടുക്കുന്നവന്റേതാണ്." മൂന്നു തരക്കാർ മാത്രമേ അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ യാചനക്കർഹരായിട്ടുള്ളു. അദ്ദേഹം അതാം ചെയ്യുന്നു:—'ജോലി അന്വേഷിച്ചിട്ടു കിട്ടാത്തവനോ ജോലിചെയ്യാൻ സാധിക്കാത്തവനോ ആയവൻ, എന്തെങ്കിലും അപരാധത്തിന്നായി തന്റെ കഴിവിൽ കവിഞ്ഞനിലയിൽ പിഴകല്പിക്കപ്പെട്ടവൻ, ഒരുവൻ ചെയ്ത കുററത്തിന്നായി വധിച്ച തോതിൽ പിഴ വിധിക്കപ്പെട്ട ജനതയോ നാട്ടുകാരോ ഇങ്ങനെയുള്ള മൂന്നുതരക്കാർക്കല്ലാതെ യാചന അനുവദനീയമല്ല."

മുസ്ലിംപൌരന്റെമേൽ ചുമത്തപ്പെട്ടിട്ടുള്ള മററൊരു കടമ തന്റെ. 'സന്ദർശകന്മാരെ, നിങ്ങൾക്കു ശാന്തി ഭവിക്കട്ടെ' എന്ന വാക്യംകൊണ്ടു അഭിവാദനം ചെയ്യേണ്ടതാണെന്നുള്ളതാണ്. തന്റെ സ്നേഹിതന്മാരെയും പരിചയക്കാരെയും കണ്ടുമുട്ടുമ്പോൾ അവരെ കൈകൊടുത്തു ആദരിപ്പാനും അവൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. തന്റെ സ്നേഹിതന്മാരോ അയൽവാസികളോ നാട്ടുകാരോ സുഖക്കേടിൽ കിടക്കുകയാണെങ്കിൽ അവരെ സന്ദർശിക്കാൻ അവനോടു് ഉപദേശിച്ചിരിക്കുന്നു.

അന്യരുടെ വീടുകളിൽ പ്രവേശിക്കുന്നതിനു മുമ്പായി വീട്ടുടമസ്ഥരുടെ സമ്മതം വാങ്ങേണ്ടതും അവർക്കു അഭിവാദ്യം നൽകേണ്ടതും മുസ്ലിമിന്റെ കർത്തവ്യമാണ്. വിളിച്ചിട്ടു മറുവടിയില്ലെങ്കിലോ അഥവാ കാണ്മാനാഗ്രഹിക്കപ്പെട്ടവൻ വല്ല കാര്യത്തിലും വ്യാപൃതനായിരിക്കയാൽ തല്ക്കാലം കാണുന്നതിനു നിവൃത്തിയില്ലെന്നു അറിയിക്കുകയാണെങ്കിലോ യാതൊരു വെറുപ്പും [illegible] മടങ്ങിപ്പോരണം.

ഒരുവൻ അന്യനെപ്പററി വല്ല അപവാദവും പറയുന്നതു് ഒരു മുസ്ലിം കേൾക്കാനിടവന്നാൽ [illegible] അതു അന്യനോടു പറയാതിരിക്കാൻ മുസ്ലിംകളോടു കല്പിച്ചിരിക്കുന്നു. നബിതിരുമേനി പറയുകയാണ്: 'അന്യന്റെ മേൽ മറഞ്ഞുനിന്നു അധിക്ഷേപം ചൊരിയുന്നവൻ ലക്ഷ്യംതെററി അമ്പെയ്യുന്നവനെപ്പോലെയാണ്. എന്നാൽ ആ അധിക്ഷേപത്തെ അന്യനോടു പറയുന്നവനോ മാർഗ്ഗംപിഴച്ചു അസ്ത്രത്തെ തിരിച്ചുവിട്ടു ലക്ഷ്യത്തിൽ കൊള്ളിക്കുന്നു.'

തങ്ങളുടെ നഗരത്തിലോ ഗ്രാമത്തിലോ വല്ലവരും മരണംപ്രാപിച്ചാൽ അവരുടെ ശേഷക്രിയയിൽ പങ്കുചേരാനും സഹായിക്കാനും മുസ്ലിംകൾ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. അക്കാര്യത്തിൽ എല്ലാവരും നിർബ്ബന്ധിക്കപ്പെട്ടിട്ടില്ലെങ്കിലും കുറെ ആളുകൾ പങ്കുകൊള്ളാതിരിക്കുന്നപക്ഷം എല്ലാവരും കുററക്കാരാകുന്നതാണ്. മയ്യത്തിന്നുവേണ്ടി ശുശ്രൂഷചെയ്യുന്നതു ഒരു പുണ്യ

കർമ്മമായിട്ടാണ് മുസ്ലിംകൾ കരുതുന്നത്. നബിയുടെ സഹചരന്മാർ അമുസ്ലിംകളുടെ സംസ്കാരകർമ്മങ്ങളിൽ പോലും പങ്കുകൊണ്ടിരുന്നുവെന്നതു പ്രസ്താവയോഗ്യമത്രെ.

മററുള്ളവരെ അസഹ്യപ്പെടുത്തുകയും അന്തസ്സിനു ഹാനിവരുത്തുകയും ചെയ്യുന്ന കൃത്യങ്ങൾ ചെയ്യാൻ മുസ്ലിംങ്ങൾക്കു പാടില്ലാത്തതാണ്. തെരുവീഥികളിൽ നടക്കുന്നത് അന്തസ്സോടുകൂടി വേണമെന്നാണ് വിശുദ്ധഖുർആൻ ഉൽബോധിപ്പിക്കുന്നത്. ഒരിക്കൽ ഒരാൾ ഒററക്കാലിന്മേൽ പാപ്പാസിട്ടു നടക്കുന്നതു നബി കാണുകയുണ്ടായി. ഉടൻ അദ്ദേഹം അയാളെ വിളിച്ചു ഒന്നുകിൽ രണ്ടു കാലുകളിലും ചെരുപ്പിടുകയോ അല്ലെങ്കിൽ തീരെ ഇടാതിരിക്കുകയോ ചെയ്യാനാവശ്യപ്പെട്ടു. നിരത്തുകളിലും മററു പൊതുസ്ഥലങ്ങളിലും കാഷ്ഠങ്ങളും ഉച്ഛിഷ്ടങ്ങളുമെറിയാൻ മുസ്ലിംകൾക്കു പാടില്ല. അങ്ങനെ ചെയ്യുന്നവനെ ദൈവം വെറുക്കുമെന്നാണ് നബി ഉപദേശിക്കുന്നത്. എന്നു മാത്രമല്ല, പൊതുസ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കുന്ന കാര്യത്തിൽ സഹായംചെയ്യാൻ മുസ്ലിംകളോടു ഇസ്ലാംമതമാവശ്യപ്പെടുകയും ചെയ്യുന്നുണ്ട്. ജനങ്ങൾക്കു ബുദ്ധിമുട്ടോ ക്ലേശമോ ഉണ്ടാക്കുന്ന വസ്തുക്കൾ പൊതുസ്ഥലങ്ങളിൽനിന്നു നീക്കംചെയ്യുന്നവൻ ദൈവപ്രീതിക്കു പാത്രമാകുന്നതാണെന്നു നബി തിരുമേനി അരുൾചെയ്തിരിക്കുന്നു.

പൊതുജന[illegible]ങ്ങളുടെ സമാധാനത്തിനു ഭംഗംവരുത്താതിരിക്കാ[illegible]യി പൊതുസ്ഥലങ്ങളിൽവെച്ചു ബഹളമുണ്ടാക്കുന്ന[illegible]ന ഇസ്ലാംമതം തടഞ്ഞിരിക്കുന്നു. പൊതുജന[illegible]ങ്ങളുപയോഗിക്കുന്ന വെള്ളം മലിനപ്പെടു[illegible]ിക്കാൻ മുസ്ലിംകളോടു അതു ശാസിക്കുന്നു. ചീ[illegible]ക്കുകൾ പറകയോ മററുള്ളവർക്കു വെറുപ്പു തോ[illegible]ക്കുന്നനിലയിൽ വഷളത്തങ്ങൾ പ്രവർത്തിക്കുകയോ [illegible]ഭാസമായി നടക്കുകയോ ചെയ്യുന്നതു വിരോധിച്ചി[illegible]ിക്കുന്നു.

മുസ്ലിമിന്റെ പരസംബന്ധമായ മറെറാരു കർത്തവ്യം അവൻ ജനങ്ങളെ നന്മചെയ്യാൻ പ്രോത്സാഹിപ്പിക്കുകയും തിന്മചെയ്യുന്നതിൽനിന്നു വിരോധിക്കുകയും വേണമെന്നുള്ളതാണ്. എന്നാൽ അവന്റെ ഉപദേശവും പ്രേരണയും കടുത്ത സ്വരത്തിലായിപ്പോകരുത്. അങ്ങനെയായാൽ അതുകൊണ്ടു വിരുദ്ധ ഫലമുണ്ടായേക്കാവുന്നതാണ്. വിജ്ഞാനവും കലയും മറച്ചുവെക്കുന്നത് പാപമാണെന്നും അവ മററുള്ളവർക്കു പഠിപ്പിക്കേണ്ടതു അത്യാവശ്യമാണെന്നും ഇസ്ലാംമതമുപദേശിക്കുന്നു. എന്തെങ്കിലും ഒരു സംഗതിയെപ്പററിയുള്ള അറിവു മററാരെയും പഠിപ്പിക്കാതെ ആ അറിവാളി മരണപ്പെടുകയും അങ്ങനെ ആ വിജ്ഞാനം നശിക്കുകയും ചെയ്യുകയാണെങ്കിൽ ന്യായവിസ്താരദിവസത്തിൽ അവൻ അതിനു സമാധാനം ബോധിപ്പിക്കേണ്ടിവരുമെന്നു നബി ഉൽബോധിപ്പിച്ചിരിക്കുന്നു. യാതൊരാളും തന്റെ കണ്ടുപിടുത്തങ്ങളിൽനിന്നു ഫലമെടുക്കരുതെന്നോ അവ ഉടനടി പരസ്യപ്പെടുത്തേണ്ടതാണെന്നോ അല്ല ഈ ഉപദേശംകൊണ്ടു വിവക്ഷിച്ചിട്ടുള്ളത്. നേരെമറിച്ച്, ആ കണ്ടുപിടുത്തങ്ങൾ ആ വ്യക്തിയുടെ നിക്ഷിപ്ത സ്വത്തായി അവനോടുകൂടി നശിച്ചുപോകാൻ ഇടയാകരുതെന്നേയുള്ളൂ. ഒരുവന്റെ അറിവും സാമർത്ഥ്യവും തന്റെ ഗുണത്തിനും ക്ഷേമത്തിനുമായി ഉപയോഗപ്പെടുത്തുന്നതിനെ ഇസ്ലാം വിരോധിക്കുന്നില്ല. പാറെറന്റ് രജിസ്റ്റർചെയ്യുന്ന സമ്പ്രദായംകൊണ്ടു രണ്ടു കാര്യവും ഒപ്പം സാധിക്കാവുന്നതാണ്.

മുസ്ലിം എപ്പോഴും ധീരനായിരിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ടെങ്കിലുംകൂടി അക്രമിയാവാൻ പാടില്ല. ബലഹീനരെയോ സാധുക്കളെയോ സ്ത്രീകളെയോ ശിശുക്കളെയോ മിണ്ടാപ്രാണികളെപ്പോലുമോ ഉപദ്രവിക്കാൻ പാടില്ലെന്നു അവൻ ശാസിക്കപ്പെട്ടിരിക്കുന്നു. ഒരു ദിവസം ചില ബാലന്മാർ ഒരു മൃഗത്തെ ലക്ഷ്യമാക്കി അസ്ത്രപ്രയോഗം ചെയ്യുന്നതു ഹസ്രത്ത് ഉമറിന്റെ മകൻ അബ്ദുല്ല കാണുകയുണ്ടായി. അബ്ദുല്ലയെ കണ്ടപ്പോൾ കുട്ടികളെല്ലാം ഓടിപ്പോയ്ക്കളഞ്ഞു. തൽക്ഷണം അബ്ദുല്ല പറഞ്ഞു:—"ഈ പ്രവൃത്തി ചെയ്യുന്നവരെ ദൈവം ഇഷ്ടപ്പെടുകയില്ല. എന്തെന്നാൽ നേരമ്പോക്കിന്നായി മിണ്ടാപ്രാണികളെ അസ്ത്രലക്ഷ്യമാക്കുന്നതു ദൈവത്തിനു ഇഷ്ടമില്ലാത്തതാണെന്നു നബിപറയുന്നതു ഞാൻ കേട്ടിരിക്കുന്നു." പതിമൂന്നു നൂററാണ്ടുകൾക്കു മുമ്പായി നബി ഇത്തരം ക്രൂരപ്രവൃത്തികൾ തടഞ്ഞിരുന്നുവെങ്കിലും ചില പാശ്ചാത്യദേശങ്ങളിൽ, ഇണങ്ങിയ പ്രാക്കളെ നേര



ഭോക്ഷിന്നായി വേട്ടക്കു ലക്ഷ്യമാക്കുന്നത് ചില വർഷങ്ങളിൽ മൃഗ്യ മാത്രമാണ് നിയമംകൊണ്ട് വിരോധിക്കയുണ്ടായത്. ഒരിക്കൽ ഒരു കഴുതയുടെ മുഖമേൽ ചൂടിട്ടതായി നബി തിരുമേനി കാണുകയും അതിനെപ്പററി വല്ലാതെ വ്യസനിച്ചുകൊണ്ട് മേലിൽ യാതൊരു മൃഗത്തിന്റെയും മുഖത്തു ചൂടിടരുതെന്നു വിരോധിക്കുകയും ചെയ്തതായി ഹദീസുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. വേറൊരവസരത്തിൽ ഒരു പ്രാക്കുഞ്ഞിനെപിടിച്ചു കൈയിൽ വെച്ചുകൊണ്ടിരുന്ന ഒരാളോടു അതിനെ വിട്ടയക്കാൻ നബി ആവശ്യപ്പെട്ടു. ജീവജന്തുക്കളോടു അനുകമ്പ കാണിക്കുകയും അവശ്യരയായി ആഹാരവും വെള്ളവും കൊടുക്കുകയും ചെയ്യുന്നവരോടു അല്ലാഹു അനുകമ്പ കാണിക്കുന്നതാണെന്നു നബി അരുളിച്ചെയ്തിരിക്കുന്നു.

മററുള്ളവരുടെ ജീവിതത്തിന്നും രക്ഷയ്ക്കും ആപത്തു നേരിടുന്ന പ്രവൃത്തികൾ ചെയ്യാതിരിക്കാൻ മുസ്ലിംകൾ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. പകർച്ചവ്യാധികളുള്ള ഏതെങ്കിലും പ്രദേശത്തുനിന്നു ആളുകൾ പുറത്തേക്കു പോകുകയോ ഇതരദേശങ്ങളിൽനിന്നു ആളുകൾ അങ്ങോട്ടു ചെല്ലുകയോ ചെയ്യുന്നതിനെ നബി നിരോധിച്ചിട്ടുണ്ട്. ഇന്നു നമ്മുടെ രാജ്യങ്ങളിൽ കാണുന്ന കരന്തിൻ ഏർപ്പാടു മുഹമ്മദുനബിയുടെ ആ ഉപദേശത്തിന്റെ മാഹാത്മ്യത്തെ പ്രസ്പഷ്ടമാക്കുകയാണ് ചെയ്യുന്നത്.

മുസ്ലിമിന്റെ ഉററവരെ ചുമതല സ്നേഹിതജനങ്ങളെയും അയൽവാസികളെയും ആപൽകാലങ്ങളിൽ ധനസഹായം ചെയ്തു രക്ഷിക്കേണ്ടതാണെന്നുള്ളതാകുന്നു. എന്നാൽ അങ്ങിനെ സഹായം ചെയ്യുന്ന ധനത്തിന്നു പലിശ ചുമത്താനോ മററു വല്ല പ്രതിഫലം നിശ്ചയിക്കാനോ പാടുള്ളതല്ല. സമസൃഷ്ടങ്ങളോടു നിർവ്യാജമായ അനുകമ്പയും വിശാലമായ സഹൃദയത്വവും കാണിപ്പാൻ അവൻ കടപ്പെട്ടവനാണ്. അതുകൊണ്ടാണ് ഭാഗ്യഹീനരായ തന്റെ സഹോദരന്മാരെ പ്രതിഫലേച്ഛകൂടാതെ സഹായിക്കേണമെന്നു അവനോടു ഇസ്ലാംമതം ആജ്ഞാപിച്ചിരിക്കുന്നത്. അവൻ സ്വന്തം അദ്ധ്വാനംകൊണ്ടു ജീവിക്കുകയല്ലാതെ തന്റെ സഹോദരന്മാരുടെ കഷ്ടപ്പാടിൽനിന്നു ലാഭമുണ്ടാക്കാൻ ശ്രമിക്കരുത്. അങ്ങനെ ചെയ്യുന്നതു മഹാപാതകമായിട്ടാണ് ഇസ്ലാം കരുതുന്നത്.

ബലക്ഷയവും
നിരുന്മേഷതയും
അടിച്ചുകറ[illegible]ന്നു.



Buy DEFENCE SAVINGS CERTIFICATES

നിങ്ങൾ വാങ്ങുന്നതു കോഴിക്കോട്ട്, ഗവമ്മെണ്ട് ഓയൽ ഫാക്ടറിക്കാരാൽ ഉണ്ടാക്കപ്പെടുന്ന (മദിരാശി ഗവമ്മെണ്ട് ബ്രാണ്ട്) "ഷാർക്ക് ലിവർഓയൽ" തന്നെയല്ലേ എന്നു സൂക്ഷിക്കുക.

SHARK LIVER OIL

MADRAS GOVERNMENT MGB BRAND



GOVERNMENT OIL FACTORY, CALICUT.

ഏജൻറുമാർ:—മെസ്സേർസ്സ് പാരി & കമ്പനി ലിമിററഡ്, മദിരാശി.

യുദ്ധകാലകണ്ടുപിടുത്തങ്ങൾ

(ലോകാവലോകി)

റേഡിയോകൊണ്ടു ഭക്ഷണം പാകംചെയ്യാമോ?

റേഡിയോവിനെ സംബന്ധിച്ചേടത്തോളം യുദ്ധകാലത്തുണ്ടായിട്ടുള്ള കണ്ടുപിടുത്തങ്ങളും പ്രവൃത്തനങ്ങളും അത്ഭുതാവഹമാണ്. ജർമ്മൻകാരുടെ വൈമാനികനില്ലാതെ പറന്ന വിമാനങ്ങൾ റേഡിയോമൂലം നിയന്ത്രിക്കപ്പെട്ടവയായിരുന്നു. തനിയെ ഓടിയ ടാങ്കും ഇപ്രകാരം തന്നെ. പറക്കുംബോംബ് മുതലായ "വി" ആയുധങ്ങളുടേയും പ്രവൃത്തനം റേഡിയോ മൂലമായിരുന്നു. ഇതൊക്കെ വിദ്യുച്ഛക്തികൊണ്ടുളവാകുന്ന തരംഗങ്ങളെക്കൊണ്ടാണല്ലോ നിർവ്വഹിക്കുന്നതു്. എന്നാൽ പദാർത്ഥങ്ങളെ ചൂടുപിടിപ്പിക്കുവാൻ കൂടി റേഡിയോ ഉപയോഗപ്പെടുത്താമെന്നു ഇപ്പോൾ കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. സാധാരണ സമ്പ്രദായത്തിൽ ചൂടുപിടിപ്പിക്കുവാൻ സാധിക്കാത്ത ചില പദാർത്ഥങ്ങളെ ഈ വിദ്യകൊണ്ടു എളുപ്പത്തിൽ ചൂടുപിടിപ്പിക്കുവാൻ സാധിക്കുന്നു. അതുകൊണ്ടു വ്യവസായലോകത്തിൽ വമ്പിച്ച പുരോഗതിക്കു ഇതൊരു കാരണമായിത്തീർന്നിരിക്കുന്നു. ഈ വിദ്യകൊണ്ടുതന്നെ ഭക്ഷണങ്ങൾ പാകം ചെയ്യുവാനും സാദ്ധ്യമാണ്. സമമായവേവ് വരുത്തുന്ന[illegible] അതേ അവസരത്തിൽ ദ്രുതഗതിയിൽ പാക[illegible]ചെയ്യുന്നതി[illegible] ഇതുകൊണ്ടു സാദ്ധ്യമായിരിക്കുന്നു. [illegible] വ്യവസായിക നിർമ്മാണത്തിനു ഉപ[illegible]പ്പെടുത്തുവാനുള്ള മരം, തോൽ, ലോഹം എന്നിവ[illegible] വേണ്ടവിധത്തിൽ തപിപ്പിച്ചു പാകപ്പെടുത്തു[illegible]ം ഇതുപയോഗിക്കുന്നു.

സാധാരണക്കാരുടെ "ടെലിവിഷൻ"

യുദ്ധത്തിനുമുമ്പുള്ള ടെലിവിഷനുകൾ (വിദൂരദർശിനി യന്ത്രങ്ങൾ) വളരെ വില പിടിച്ചവയും ചുരുക്കംപേർക്കുമാത്രം ഉപയോഗിക്കുവാൻ സാധിക്കുന്നവയും ആയിരുന്നു. ലോകത്തിലാകെയുള്ള വിദൂരദർശിനികളുടെ എണ്ണം ബ്രിട്ടനിലുള്ളവയെക്കാളും കുറവായിരുന്നു. എന്നാൽ വിദൂരദർശിനിയുടെ ജന്മഭൂമിയായ ഇംഗ്ലണ്ടിൽ യുദ്ധകാലത്തു ഇതു സംബന്ധിച്ചു നടത്തിയ നൂതന കണ്ടുപിടുത്തങ്ങൾ നിമിത്തം യുദ്ധം കഴിഞ്ഞു സാധാരണസ്ഥിതി നിലവിൽ വരുമ്പോഴേക്കും വളരെ ചുരുങ്ങിയവിലയ്ക്കു, അതായതു് ഒരുപക്ഷം ജനങ്ങൾക്കും വാങ്ങിക്കുവാൻ സാധിക്കുന്ന വിലയ്ക്കു വിദൂരദർശിനികൾ ലഭിച്ചുതുടങ്ങുന്നതാണ്. ഇവ മുമ്പത്തേവയേക്കാൾ പരിഷ്കരിക്കപ്പെട്ടവയും ആയിരിക്കും. കാഴ്ചകൾ കൂടുതൽ വ്യക്തമായി ദൃശ്യമാകുന്ന ചില ഏർപ്പാടുകൾ ഇവയുടെ നിർമ്മാണത്തിൽ ചെയ്തുകഴിഞ്ഞിട്ടുണ്ട്.

റേഡിയോ കണ്ണ് !

കാംബ്രിഡ്ജിലെ "കാവൻഡിഷ്" ലബോറട്ടറിയിലെ പ്രൊഫ: സർ ലാറൻസ് ബ്രാഗ്ഗ് ഒരു റേഡിയോ കണ്ണിനെപ്പറ്റി കുറച്ചുമുമ്പു പ്രസ്താവിക്കുകയുണ്ടായിട്ടുണ്ട്—നിരവധി നാഴികദൂരത്തുള്ള ഒരു സാധനത്തെ കാണിച്ചുതരുന്ന ഒരു കണ്ണ്! ഇതു ഒരു തരം വിളക്കാണ്. ഇതിന്റെ പ്രകാശകിരണങ്ങൾ ഒരു സർച്ച്ലൈറ്റിന്റേതെന്നപോലെ വളരെ ദൂരത്തു ചെന്നു പതിച്ചു പ്രസ്തുതപ്രദേശമോ കാഴ്ചയോ നമ്മുടെ ദൃഷ്ടിക്കു ഗോചരീഭവിപ്പിക്കുന്നു. ഇങ്ങിനെ നമ്മുടെ ദൃഷ്ടിയുടെ ദൃശ്യശക്തിയെ അതു ശതഗുണീഭവിപ്പിക്കുന്നു.

കൈയ്യിൽ കെട്ടാവുന്ന റേഡിയോ

സമാധാനകാലമാവുമ്പോഴേക്കും റിസ്റ്റ്‌വാച്ചുപോലെ റേഡിയോവും കൈയിൽ കെട്ടിനടക്കുവാൻ നമുക്കു സാദ്ധ്യമായിത്തീരുമെന്നാണ് ഇംഗ്ലണ്ടിലെ റേഡിയോ ഗവേഷണവിദഗ്ദ്ധന്മാരുടെ അഭിപ്രായം. അത്രത്തോളം ലഘുതരമായ റേഡിയോ സെറ്റുകൾ നിർമ്മിക്കുന്നതിനുള്ള പരിശ്രമങ്ങൾ അവിടെ നടന്നുവരുന്നതായി ഇയ്യിടെ ഒരു റേഡിയോ വ്യവസായവിദഗ്ദ്ധൻ പ്രസ്താവിക്കുകയുണ്ടായി.

കീശയിലിടാവുന്ന ടെലിഫോൺ സൂചനയന്ത്രം

യുദ്ധകാലകണ്ടുപിടുത്തങ്ങൾകൊണ്ടു ശ്രവണയന്ത്രവും വളരെ പരിഷ്കരിക്കപ്പെട്ടിട്ടുണ്ട്. വളരെ ലഘുവായ വിധത്തിൽ അവ ഉണ്ടാക്കുവാനും ഇടയായിട്ടുണ്ട്. പ്രക്ഷേപിണിയും സ്വീകരിണിയും കൂടി 5 മുതൽ 7 വരെ റാത്തൽ മാത്രമേ ഭാരം വരുന്നുള്ളു. യുദ്ധാനന്തരലോകത്തിൽ ഇന്നത്തേതിനേക്കാളും എത്രയോ മടങ്ങു ഇവ പ്രചരിക്കുവാൻ ഇടയുണ്ടെന്നതിനു സംശയമില്ല എന്നു മാത്രമല്ല, മറ്റൊരാൾ ഫോണിൽ വിളിക്കുന്നതു എവിടെയായാലും അറിയാവുന്ന ഒരു യന്ത്രംകൂടി നിങ്ങൾക്കു കിട്ടുവാൻ പോകുന്നു. നിങ്ങൾ വീട്ടിലായാലും ശരി, വഴിക്കായാലും ശരി, ഹോട്ടലിലായാലും ശരി, എവിടെനിന്നും നിങ്ങൾക്കതറിയുവാൻ സാധിക്കും. അടുത്ത

രിക്കിലുള്ള ടെലിഫോൺ യന്ത്രത്താൽ അതിന്നു മറുപടിയും പറയും. ഇത്തരം യന്ത്രങ്ങൾ സൂട്ട്കേസിലോ കീശയിലോ ഇട്ടു കൊണ്ടുപോകാമത്രെ

ഓടുന്ന വണ്ടിയിൽനിന്നും ഫോണിൽ പറയാം

തീവണ്ടിയോടിക്കൊണ്ടിരിക്കുമ്പോൾ മറ്റെവിടെയോ ഉള്ള നിങ്ങളുടെ സ്നേഹിതന്മാരായോ അല്ലെങ്കിൽ നിങ്ങളുടെ വീട്ടിലുള്ളവരുമായോ സംസാരിക്കേണമെന്നു നിങ്ങൾ ആഗ്രഹിക്കുകയാണെങ്കിൽ അതും ഇന്നത്തെ കണ്ടുപിടുത്തം സാദ്ധ്യമാക്കിയിരിക്കുന്നു. ഇക്കാര്യത്തിൽ നടത്തിയ പരീക്ഷണങ്ങൾ വിജയപ്രദങ്ങളായി കണ്ടുകഴിഞ്ഞിരിക്കുന്നു. ഡ്രൈവറും ഗാർഡും തമ്മിലും, ഡ്രൈവറും സിഗ്നൽകാരും തമ്മിലും വാർത്തകളറിയിക്കുവാൻ റേഡിയോ ഉപയോഗിച്ചുവരുന്നുണ്ട്.

പൊടി വിഴുങ്ങുന്ന വൈദ്യുതയന്ത്രം

മുറികൾ അടിച്ചുവാരി വൃത്തിയാക്കേണ്ടുന്ന ആവശ്യമേയില്ല. മനുഷ്യന്നു പകരം യന്ത്രം അവിടെയും എത്തിയിരിക്കുന്നു. ഈ യന്ത്രം ചെയ്യുന്നതു മുറിയിൽ പരക്കുന്ന പൊടി അടിച്ചുവാരലല്ല, വായുമണ്ഡലത്തിലുള്ള പരമസൂക്ഷ്മകണികകളെത്തന്നെ ആകർഷിച്ചു സംഭരിച്ചുവെക്കുകയാണ്. ഈ യന്ത്രം കൂടെക്കൂടെ വൃത്തിയാക്കിയാൽ മതിയാവുന്നതാണ്. മുറിയിൽ യാതൊരു തരത്തിലും പൊടി കാണുകയില്ല. പുകയിലുള്ള ധൂളികളേയും ഇപ്രകാരം നീക്കംചെയ്യാവുന്നതാണ്. അടുപ്പിൽനിന്നു പുക പുറപ്പെടുമ്പോൾതന്നെ ഇവ ഒരു പ്ലേയ്റ്റിന്മേൽ ചെന്നു പററും. പുക "വെറും പുക"യായിത്തന്നെ പോവുകയും ചെയ്യും. നമ്മുടെ തീവണ്ടികളിൽ ഇത്തരമൊരുപകരണമുണ്ടായിരുന്നുവെങ്കിൽ എന്തൊരാശ്വാസമാവുമായിരുന്നു! "കല്ക്കരിസ്നാനം" കൂടാതെ എത്ര സുഖമായി മനുഷ്യന്നു യാത്ര ചെയ്യാമായിരുന്നു!

ഈ യന്ത്രത്തിന്റെ പ്രവർത്തനസീമ കൂടുതൽ വിപുലീകൃതമായിട്ടുണ്ട്. ഇതിന്റെ ആകർഷണംകൊണ്ടു ഉപയോഗം സമസ്ഥിതിയിലല്ലാതെ സാധനങ്ങൾക്ക് നിഷ്പ്രയാസമായും സമതോതിലായും വണ്ണമിടുന്നതിനും, നേർത്തവിധത്തിൽ ലോഹം പൂശുന്നതിനും, ഇന്നത്തേതിലും നല്ലവിധത്തിൽ പൂഴിക്കടലാസ്സുകൾ ഉണ്ടാക്കുന്നതിനും സാധിക്കുന്നുണ്ട്.



കാശ്മീരത്തിലെ സ്ത്രീകൾ

സുഖവാസത്തിനു യൂറോപ്പിൽ കേൾവികേട്ടതാണല്ലോ സ്വിററ്സർലാണ്ട്. പൂർവ്വരാജ്യങ്ങളെ സംബന്ധിച്ചേടത്തോളം സ്വിററ്സർലാണ്ടിനെക്കാൾ ഒട്ടും താഴെയല്ല സുഖവാസത്തിനും മനോരഞ്ജകമായ പ്രകൃതിവിലാസത്തിനും കാശ്മീർ രാജ്യം. കാശ്മീർരാജ്യം വേറൊരു സംഗതിയിൽകൂടി ലോകത്തിൽ വിശ്രുതമാണ്—സ്ത്രീകളുടെ സൌന്ദര്യത്തിൽ. പൌരസ്ത്യസൌന്ദര്യത്തിന്റെ മാതൃകയാണ് കാശ്മീർ വനിത എന്നതു് പാശ്ചാത്യ-പൌരസ്ത്യ കവികൾ പോലും വർണ്ണിച്ചിട്ടുള്ളതാണ്. സൌന്ദര്യത്തിന്റെയും ആരോഗ്യത്തിന്റെയും നിദർശനം നയനങ്ങളാണെങ്കിൽ, നിങ്ങൾ സകലരും കൺമറിക്കാതെ നോക്കിയിരുന്നുപോകും ഒരു കാശ്മീർവനിതയുടെ അലസാപാംഗങ്ങൾകണ്ടാൽ എന്നാണ് ഒരു പാശ്ചാത്യസഞ്ചാരി അഭിപ്രായപ്പെട്ടിരിക്കുന്നതു്. നന്ദനോദ്യാനത്തിലെ പൈങ്കിളി എന്നുതന്നെയും കവികൾ കാശ്മീർതരുണിയെ വർണ്ണിച്ചിട്ടുണ്ട്.

ഇംഗ്ലീഷുകാരിയുടെ സുവർണ്ണദേഹസുഷമ, പൌരസ്ത്യസൂര്യാതപത്തിൽ സ്വല്പം ചുകന്നിട്ടുണ്ടെങ്കിൽ അതുതന്നെയാണ് കാശ്മീർസ്ത്രീയുടെ നിറം—അഥവാ പൌരസ്ത്യസംസ്കാര സൌന്ദര്യങ്ങളുടെ മനോരഞ്ജകമായ ഒരു നിമ[illegible]സത്വം. കാർഷികമായ തൊഴിലിൽ ഏർപ്പെട്ടവരാണ് കാശ്മീർ സ്ത്രീകളിൽ ഭൂരിപക്ഷവും. അതിനാൽത[ന്നെ], [illegible]വും വെയിലത്തും പ്രവൃത്തിക്കുകയാ[ൽ] [illegible]മാരകാലത്തെ റോസാപ്പൂനിറം കുറേശ്ശെ ചുകന്നതായി കാണാം ഒരു കാശ്മീർ കർഷക[illegible]നിയിൽ. ഹിന്ദുക്കളായ പ്രഭുകുടുംബങ്ങളിലെ [സ്ത്രീ]കളുടെയും മുസ്ലിംസ്ത്രീകളുടെയും നിറം പ്രായേ[ണ] വെളുപ്പാണ്. കാരണം പരന്ന പ്രകൃതിയെ [ദ]ർശിക്കുന്നവരല്ല അവർ. എങ്കിലും ആകെക്കൂടിയൊരു കോമളത്വം കാശ്മീർ കർഷകവനിതയ്ക്കുണ്ട്. ഇടത്തരക്കാരായ കാശ്മീർ മുസ്ലിംവനിതകളേക്കാൾ സുന്ദരികളാണ് ഹിന്ദുവനിതകൾ എന്ന് ഡാക്ടർ ഏണസ്റ്റ് എഫ്. നീവ് എന്ന പാശ്ചാത്യസഞ്ചാരി എഴുതിയിരിക്കുന്നു. എന്നാൽ അകത്തടച്ചിരിക്കുന്ന പണ്ഡിതാംഗികളേക്കാൾ ആരോഗ്യവതികളാണ് പുറമെയുള്ള ലോകവുമായി ഇടപഴകിക്കഴിയുന്ന കാശ്മീർമുസ്ലിംസ്ത്രീകൾ എന്നുള്ളതും സ്മരണീയമാണ്.

ഹഞ്ചിസ്സ്—കാശ്മീർ മുസ്ലിംകളിൽ പ്രത്യേകമൊരു വിഭാഗമാണവർ. തോണി തുഴയുകയാണവരുടെ തൊഴിൽ. ഹഞ്ചിസ്സ് സ്ത്രീകളാണ് ഈ ജോലിയിൽ പുരുഷന്മാരേക്കാൾ സമർത്ഥകൾ. ഡൂങ്കയെന്ന മേൽപുരയോടുകൂടിയ സുപ്രസിദ്ധമായ കാശ്മീർബോട്ടുകളുടെ അമരത്തിലിരുന്നു പ്രൌഢിപൂർവ്വം ചുക്കാൻ പിടിക്കുന്നതിൽ മാത്രമല്ല, മററു ബോട്ടുകളിലുള്ളവരുമായി ശണ്ഠകൂടുന്നതിലും ഹഞ്ചിസ്സ്വനിത പ്രസിദ്ധിപെററവളാണ്. അത്യുച്ചത്തിൽ, മണിക്കൂറുകളെന്നല്ല, അധികദിവസങ്ങളോളം ശകാരവർഷം പൊഴിച്ചുകൊണ്ട് ശണ്ഠകൂടുവാനവർക്കറിയാം. വെടിപറഞ്ഞിരിക്കുക കാശ്മീർ സ്ത്രീകളുടെ സഹജസ്വഭാവമാണ്—ശകാരവർഷത്തിൽ പ്രാവീണ്യം നേടുന്നതിന് വേറെ കോപ്പുകളൊന്നും ആവശ്യമില്ലല്ലോ!

കാർഷികവൃത്തി, തോണിതുഴച്ചൽ ഇവ മാത്രമല്ല കാശ്മീര സ്ത്രീകളുടെ തൊഴിൽ. പാൽക്കാരികളുണ്ടവരിൽ. [illegible] ഉണ്ടാക്കുകയും അവരുടെ ഒരു പ്രധാന തൊഴിലാണ്. [illegible] തോട്ടക്കൂടി പച്ചക്കറികൾ നിറച്ച കൊട്ടകളും വഹിച്ചു വില്പനക്കു അങ്ങാടികളിലവരെത്തും.

ഗുജാർമാർ—കാശ്മീരത്തിലെ ഒരുതരം പ്രമാണിവർഗ്ഗമാണവർ. ഗുജാർ സ്ത്രീകളാണ് സൌന്ദര്യത്തിൽ മുന്തിനില്ക്കുന്നവർ. കറുത്തതോ നീലിച്ചതോ ആയ കാലുറയും കാതിൽ വലിയ വെള്ളിവളയവും കല്ലുമാലയും ഇവരുടെ പ്രത്യേകതകളാണ്. സൌന്ദര്യത്തെ നിഹനിക്കുന്നവയല്ലയോ അവ എന്നു നമുക്കാശ്ചര്യം തോന്നാം. എന്നാൽ ഗുജാർ വനിതകളുടെ സൌന്ദര്യത്തിന് മാററുകൂട്ടുന്നവയാണ് ഈ വസ്ത്രവും ഈ അലങ്കാരങ്ങളും. പരിസരത്തിന്റെ—അഥവാ, പ്രകൃതിയുടെ അത്ഭുതം!

നെല്ലുകുത്ത്—ഗ്രാമീണവനിതകളുടെ ഒരു പ്രധാന തൊഴിലാണതു്. ഒരു സ്ത്രീയുടെ ഉലക്ക ഉരലിൽ പതിക്കുമ്പോൾ മററ സ്ത്രീയുടെ ഉലക്ക ഉയരും, നേരെ മറിച്ചും ഇങ്ങിനെയുള്ള ആ നെല്ലുകുത്തുകാഴ്ച കണ്ടാൽ, മലയാളികളും കാശ്മീരികളും ഒരേ വർഗ്ഗക്കാരാണോ എന്നു തോന്നിപ്പോകും. ആരോഗ്യത്തിന് ഇതുമേൽ പററിയ ഒരു വ്യായാമം വേറെയില്ല. അതുപോലെതന്നെ അടുത്തുള്ള ആറുകളിൽനിന്ന് വെള്ളമെടുത്തു ചുമന്നുകൊണ്ടുപോകുന്നതും. ഈ തൊഴിലുകൾക്കെല്ലാം ആയാസം കൊടുപ്പാൻ വേറൊന്നുണ്ട് കാശ്മീർ സ്ത്രീകൾക്ക് സഹജമായിട്ട്—പാട്ട്.

ഹിന്ദുക്കളായ പണ്ഡിതാംഗികളും ഇടത്തരക്കാരായ മുസ്ലീം സ്ത്രീകളും ഒന്നുപോലെ “പർദ്ദ” ആചരിച്ച കാലമുണ്ടായിരുന്നു. ഇന്നു, കാശ്മീരിൽ ഹിന്ദുസ്ത്രീകൾ പർദ്ദ ത്യജിച്ചുകഴിഞ്ഞു. തലസ്ഥാനനഗരമായ ജമ്മുവിൽ മാത്രം ചില ഹിന്ദു സ്ത്രീകൾ

ഇപ്പോഴും മുട്ടുപടം ധരിക്കുന്നുണ്ടത്രെ. "ഫേറൻ" എന്ന പേരായ അങ്കി കാശ്മീർ സ്ത്രീകളുടെ ഒരു പ്രധാന വസ്ത്രമാണ്. ഹിന്ദു സ്ത്രീകളിൽ പരിഷ്കൃതരായവർ "ഫേറൻ" ഉപേക്ഷിച്ചു കഴിഞ്ഞു. സ്ത്രീകളുടെ സൌന്ദര്യത്തെ മറയ്ക്കുന്നതിന് പുരുഷന്മാർ ഏർപ്പെടുത്തിവെച്ച സൂത്രമല്ലയോ "ഫേറൻ" എന്നു ധരിക്കുന്നതിൽ തന്നെയും തെറ്റില്ല. കാരണം "ഫേറൻ" ധരിക്കുന്നതുകൊണ്ടുള്ള ഫലം അതാണ്. മുസ്ലിം സ്ത്രീകൾ 'കസബ' എന്ന ചുകന്ന ഒരു തരം തലപ്പാവ് ധരിച്ചിരിക്കും. തലമുടി മുഴുവൻ മറച്ചുകൊണ്ട് വിചിത്ര പിന്നൽവേലകളോടുകൂടിയ ഒരുതരം വസ്ത്രം "കസബ"യിൽ നിന്ന് തൂങ്ങിക്കിടക്കുന്നുണ്ടാവും. "ടാരങ്ക" ഹിന്ദുവനിതകൾ ധരിക്കുന്ന ഒരു തരം തലപ്പാവാണ്, പക്ഷേ വെളുത്തത്, അതിന്റെ അഗ്രത്തിൽ ഘടിപ്പിച്ചു തൂങ്ങിക്കിടക്കുന്ന വസ്ത്രമാ കാൽമടമ്പുവരെ ആഛാദനംചെയ്യുന്നതു്. ഫേറനോടൊപ്പം അപ്രത്യക്ഷമായിത്തീരുന്ന ഒന്നാണ് "ടാറങ്ക"യും.

അവിവാഹിതകളായ തരുണികൾ സിൽക്കുകൊണ്ടു തുന്നിയ ഒരു തരം ശിരോവരണം ധരിക്കാറുണ്ട്. കർഷക തരുണികളും കന്യകമാരും തലമുടി കുറേയധികം എണ്ണങ്ങളായി മടഞ്ഞു പിന്നിൽ കൂട്ടിക്കെട്ടി അതിന്മേൽ ഒരു ചെണ്ട് അണിയുന്ന പതിവുണ്ട്. വെള്ളികൊണ്ടുള്ള തോടയും താലിമാലകളും കങ്കണങ്ങളും പളുങ്കു കൈവളകളും എല്ലാം അണിഞ്ഞു പുഴകളിൽ വെള്ളക്കുടങ്ങൾ കഴുകുമ്പോഴും, തണ്ണീർക്കുടമേന്തി നടക്കുമ്പോഴും ഉണ്ടാകുന്ന 'ഝണഝണ' നിനാദം കാശ്മീർ സ്ത്രീകൾക്ക് എത്രമാത്രം അഭിമാനകരമായ ഒന്നാണെന്നോ!

കാശ്മീർ സ്ത്രീകൾക്ക് പ്രധാനമായ ഒരു ദോഷമുണ്ട് — നിത്യജീവിതത്തിൽ വൃത്തിയും വെടിപ്പും പോരെന്നതു്. അഥവാ, അജ്ഞതയുടെയും നിരക്ഷരതത്തിന്റെയും പ്രകാശിതവശമല്ലേ അതു്! അല്ലെങ്കിൽ അഭ്യസ്തവിദ്യരായ കാശ്മീർ സ്ത്രീകളുടെ ഇടയിൽ നിന്ന് ഈ "വൃത്തികേട്" മാഞ്ഞുമറയുന്നതെന്തുകൊണ്ട്? വനിതാ വെൽഫേർ ട്രസ്റ്റും അഖിലേന്ത്യാ വനിതാസമ്മേളനവും കാശ്മീരത്തിലും ചിറകു പരത്തിയിട്ടുണ്ട്.

പശ്ചിമരംഗത്തിലെ

❋ വിജയത്തിൽ ❋

കൃതജ്ഞതാസൂചകമായി

ഗവർണ്ണരുടെ യുദ്ധഫണ്ടിലേക്ക്

(ഭടജനങ്ങളുടെ ക്ഷേമത്തിന്നു വേണ്ടിയുള്ളതു)

വീണ്ടും സംഭാവന നൽകി

കിഴക്കൻ രംഗത്തിൽ

വിജയം ത്വരിതപ്പെടുത്തുന്നതിന്നു്

★ സഹായിക്കുക ★

ആത്മത്യാഗം

പി. എ. മുഹമ്മദ്കോയ

വൈദ്യുത ദീപങ്ങളാൽ പ്രകാശിതമായ 'ഗോൾഡൻ ഹോട്ടൽ' രാത്രിയുടെ ഇരുട്ടിൽ ഊട്ടിപട്ടണത്തിന്റെ മടിയിൽചൂടിയ ഒരു രത്നക്കല്ലുപോലെ മിന്നിക്കളിച്ചു. യൂക്കാലിപ്റ്റസ് മരങ്ങളെ തടവിക്കൊണ്ടുവന്ന തണുത്തകാറ്റ് എന്റെ ശരീരത്തെ മരവിപ്പിച്ചു ഞാൻ ആ ഹോട്ടലിലേക്കു കടന്നുചെന്നു, മറ്റെവിടെയും താമസസൌകര്യം ലഭിയ്ക്കാതിരുന്ന നൈരാശ്യത്തോടെ. അവിടെയും വാടകമുറികൾ ഒന്നും ഒഴിവുണ്ടായിരുന്നില്ല പക്ഷെ, വാടകയ്ക്കു കൊടുത്തുപോയ ഒരു മുറിയിൽ സൌകര്യം തരാമെന്നു പറഞ്ഞുകൊണ്ടു ഹോട്ടൽ മാനേജർ എന്നെ അതിലേക്കു നയിച്ചു ഞാനതിൽ പ്രവേശിച്ചു.

വിശാലമായ ഒരു മുറി. ഇരുഭാഗങ്ങളിലായി രണ്ടു കട്ടിലുകൾ ചുമരോടടുപ്പിച്ചിട്ടിരിക്കുന്നു. നടുക്ക് ഒരു മേശയും. മേശമേൽ കളിമണ്ണുകൊണ്ടുണ്ടാക്കിയ ഒരാനയുടെ പ്രതിമയുണ്ട്. മേശയ്ക്കു ചുറ്റും മൂന്നു കസേരകൾ കിടക്കുന്നു. ചുമരിൽ ഒരു ചിത്രവും തൂങ്ങുന്നുണ്ട്. മുറിയുടെ ഒത്തനടുവിൽ ഒരു വിദ്യുച്ഛക്തി വിളക്കു കത്തിക്കൊണ്ടിരുന്നു. ചുമരിൽ തറച്ചിരുന്ന ഒരു മരയാണിയിന്മേൽ തവിട്ടുനിറത്തിലുള്ള ഒരു കോട്ടും കാൽസരായും ഹാറ്റും തൂങ്ങിക്കിടക്കുന്നുണ്ടായിരുന്നു. എന്റെ നോട്ടം ആ മുറിയിലെ എല്ലാം സാധനങ്ങളിന്മേലും മാറിമാറി സഞ്ചരിച്ചു.

ശയന[illegible]സ്സും മാത്രം [illegible]ച്ച ഒരാൾ നിലത്തിരുന്നു പാപ്പ[illegible]ൊട്ടി തുടയ്ക്കുകയായിരുന്നു. എന്നെ കണ്ടപ്പോൾ അയാൾ തലയൊന്ന് ഉയർത്തി. മദ്ധ്യവയ[illegible]ും സുമുഖനുമായ ഒരു യുവാവ്. വിശാലമായ [illegible]റ്റിത്തടം ചീകിമിനുക്കിയ തലമുടി. ഇതാണ് അ[illegible]ളുടെ രൂപം. ഞങ്ങളുടെ ദൃഷ്ടികൾ തമ്മിലിടഞ്ഞുവെങ്കിലും ആ അപരിചിതനോടു ആദ്യം എന്താണ് പറയേണ്ടതെന്ന് എനിക്കു നിശ്ചയമുണ്ടായില്ല ഞാൻ ആ നിലയിൽ നില്പായി ജോലിചെയ്യുന്നതിന്നിടയിൽ അയാൾ പറഞ്ഞു "സിറ്റ് ഡൌൺ പ്ലീസ്"

ഞാൻ ഒരു കസേരയിൽ ഇരുന്നു. അയാൾ പണി നിറുത്തിയിട്ട് ബൂട്ട്സുകൾ ചുമരോടടുപ്പിച്ചുവെച്ച് ചാഞ്ഞും ചരിഞ്ഞും അവയെ ഒന്നുനോക്കി തുടച്ചതു നന്നായിരിക്കുന്നോ എന്ന്. ബൂട്ട്സുകൾ എലക്ട്രിക്ക് വെളിച്ചത്തിൽ ചെറുകണ്ണാടികൾപോലെ തിളങ്ങിക്കളിക്കുന്നതു കാണാമായിരുന്നു. അയാൾ എനിക്കഭിമുഖമായി ഒരു കട്ടിലിൽ തലയണയിൽ മുട്ടുകൈ ഊന്നിയും കൈപ്പടംകൊണ്ടു തലതാങ്ങിയും ചാഞ്ഞുകിടന്നു. വീണ്ടും എനിക്കൊരു പരുങ്ങൽ, എങ്ങിനെയാണ് സംഭാഷണം ആരംഭിക്കുകയെന്ന്. ഞാൻ മൌനം ഭഞ്ജിക്കുകതന്നെ ചെയ്തു "നാം തമ്മിൽ അപരിചിതരാണ്. അല്ല, മിസ്റ്റർ"

"പക്ഷെ അതിനെന്താണ്? ഏതെല്ലാം അപരിചിതർ തമ്മിൽ കണ്ടുമുട്ടണമെന്നാണ് ദൈവവിധിയെന്നാരറിഞ്ഞു", അയാൾ ഒരു തത്വചിന്തകന്റെ നിലയിൽ പ്രതിവചിച്ചു.

വീണ്ടും മൌനം

കോട്ടുംഷർട്ടും അഴിച്ചു കസേരയിന്മേൽ തൂക്കിയിട്ടു ഞാൻ കട്ടിലിൽ ചാരിക്കിടന്നു. എന്റെ കണ്ണുകൾ മുറിയുടെ നാലുഭാഗത്തും സഞ്ചരിക്കുകയായി. അടയ്ക്കാതെ കിടന്നിരുന്ന ജനാലയുടെ നേർത്തയവനികയിലൂടെ പട്ടണത്തിന്റെ നടുവിൽ എരിഞ്ഞുകൊണ്ടിരുന്ന വൈദ്യുതദീപങ്ങളുടെ പ്രകാശം അസ്തമയസൂര്യന്റെ ചെങ്കതിരുകൾപോലെ കാണാമായിരുന്നു. കാലാവസ്ഥയുടെ തണുത്ത കരസ്പർശം എന്നെ അലോസരപ്പെടുത്തി. തണുപ്പ് എന്റെ മജ്ജയെക്കൂടി തുളച്ചുകയറുകയാണെന്നു തോന്നി. ഞാൻ പെട്ടിതുറന്നു ഒരു കരിമ്പടമെടുത്തു കഴുത്തുവരെ മൂടിപ്പുതച്ച് പൂർവ്വസ്ഥിതിയിൽ കിടന്നു. പെട്ടെന്ന് എന്റെ കണ്ണുകൾ ചുമരിലെ ആ ചിത്രത്തിൽ പതിഞ്ഞു; അല്ല, തറച്ചുവെന്നു പറയണം. കിടന്ന കിടപ്പിൽനിന്നു ആ ചിത്രത്തിൽ നോക്കുന്തോറും ഉള്ളിലൊരു ആഗ്രഹം, അതെന്താണെന്നറിവാൻ. തണുപ്പിനെ വിഗണിച്ചു ഞാൻ എഴുന്നേറ്റു ചിത്രത്തിൽ നോക്കി. മനസ്സിലായില്ല. അല്പംകൂടി അടുത്ത് ചെന്നു സൂക്ഷിച്ചുനോക്കി. ഒരു വലിയ ചിരട്ട കമഴ്ത്തിവെച്ചതുപോലുള്ള ഒരു കുടിൽ. അതിന്റെ നടുക്കായി ഒരു കവാടം. കുടിലിന്റെ പുറത്തു ദേഹമാസകലം മൂടിപ്പുതച്ച രണ്ടുമൂന്നു മനുഷ്യരൂപങ്ങൾ ഇരുന്നു തീക്കായുകയാണ്. എനിക്കു അയാളോടു സംസാരിക്കാൻ വിഷയംകിട്ടി. "എന്താണീ ചിത്രം?" ഞാൻ ചോദിച്ചു.

'അതു തോഡവരുടെ ചിത്രമാണ്.' ആ കാണുന്നതു അവരുടെ കുടിലും. കഴിഞ്ഞാഴ്ച ആ കുന്നിൻപുറത്തുള്ള അവരുടെ പാർപ്പിടങ്ങൾ സന്ദർശിച്ചശേഷം, ഞാൻ വരച്ചിട്ടുള്ളതാണ്. കാണേണ്ടതല്ലേ, ആ പ്രദേശങ്ങൾ!'

എന്റെ അത്ഭുതത്തിന്നതിരുണ്ടായില്ല ഞാൻ അയാളെ കണ്ണിമയ്ക്കാതെ നോക്കി. എന്റെ ഹൃദയത്തിൽ തോഡഗൃഹങ്ങൾ (Toda huts) കാണാനുള്ള ഒരഭിലാഷവും ജനിച്ചു.

'ചിത്രം അസ്സലായിട്ടുണ്ട്' ഒരു കലാരാധകന്റെ ആവേശത്തോടെ ഞാൻ പറഞ്ഞു.

അയാളുടെ മുഖത്തു അഭിമാനംനിറഞ്ഞ ഒരു പ്രസന്നത കളിയാടി. അയാളുടെ കലാസൃഷ്ടി പ്രശംസിക്കപ്പെട്ടിരിക്കുന്നു.

'എന്റെ കയ്യിൽ വേറെയും ചിത്രങ്ങളുണ്ട്. എല്ലാം ഞാൻ വരച്ചതാണ്—എന്റെ ഭാവനയിൽനിന്നു.'

അയാൾ ഒരു പെട്ടിയെടുത്തു തുറന്നു ചിത്രങ്ങൾ ഓരോന്നോരോന്നായി പുറത്തെടുത്തു ഞാൻ അവയിലെല്ലാം കണ്ണോടിച്ചു. പുഞ്ചിരിതൂകുന്ന കുറേ പിഞ്ചുകിടാങ്ങളെ ഒന്നായിക്കാണുമ്പോൾ ഉളവാകുന്ന അനുഭവമാണു എനിക്കുണ്ടായതു്. ഏതാണു എടുക്കേണ്ടതും നോക്കേണ്ടതും എന്നു് ഒരു പരുങ്ങൽ. എല്ലാം ഒന്നാംകിട എന്നു വിളിക്കാൻ പോരുന്നവയാണ്. കൂട്ടത്തിൽ ഒരു ചിത്രം പുറത്തേക്കുവന്നു മനോഹരമായ ഒരു ചട്ടക്കൂട്ടോടുകൂടിയതു്. ചട്ടക്കൂട്ടിന്റെ മനോഹാരിതയിൽ ലയിക്കുവാൻ ആ ചിത്രം എന്നെ അനുവദിച്ചില്ല. അത്രയ്ക്കു ശോകാത്മകമായിരുന്നു അതിലെ ഉള്ളടക്കം. മെലിഞ്ഞു അസ്ഥിക്കൂടമായി മാറിയ ഒരു യുവാവു ശയ്യയിൽ കിടക്കുന്നു. ഒരു രോഗിയുടെ എല്ലാം ലക്ഷണങ്ങളുമുണ്ട്. വിളറിയ മുഖം; കാലിരഞ്ചോളം നീണ്ട താടി; എണ്ണയുടെ മിനുമിനുപ്പില്ലാത്ത തലമുടി. ഇതായിരുന്നു ആ ചിത്രത്തിലെ യുവാവിന്റെ ആകൃതി.

ആ ചിത്രം കണ്ടപ്പോഴേയ്ക്കും ചിത്രകാരന്റെ മുഖം മങ്ങി. ചില ഭാവപ്പകർച്ചകൾ അയാളിൽ കാണമാറായി. അയാൾ ദീർഘമായി ഒന്നു നിശ്വസിച്ചു.

ഞാൻ ചോദിച്ചു 'ഇതാരുടെ ചിത്രമാണു?'

മറുപടിയുണ്ടായില്ല. അയാൾ എന്തോ ആലോചിയ്ക്കുന്നതുപോലെ തോന്നി. ഞാൻ തുടർന്നു: 'പറയുന്നതിന്നു വിരോധമുണ്ടോ?'

'ഇല്ല', അയാൾ പറഞ്ഞു 'പക്ഷെ ആ ചിത്രത്തിന്റെ പിന്നിൽ ശോകപൂർണ്ണമായ ഒരു ചരിത്രമുണ്ടു.'


'എന്താണതു്? വിരോധമില്ലെങ്കിൽ മുഴുവൻ പറയണം.'

'അതെ. പറയാം' അയാൾ ഒന്നു ചുമച്ചിട്ടു് കയ്യിലുണ്ടായിരുന്ന തുവാലകൊണ്ടു മുഖം തുടച്ചശേഷം ആരംഭിച്ചു: 'കേട്ടോളൂ:—

ഈ സംഭവം നടന്നിട്ടു മൂന്നുനാലു കൊല്ലമായി. പക്ഷെ, എനിക്കു് അതു് ഇന്നലെ സംഭവിച്ചപോലെയിരിക്കുന്നു. എന്റെ കൺമുമ്പാകെ കാണുന്നമട്ടു് ഈ നീണ്ട നാലുവർഷത്തിന്നിടയിൽ ഈ സംഭവത്തെപ്പറ്റി ഓർക്കാത്ത ഒരൊറ്റ ദിവസംപോലും എന്റെ ജീവിതത്തിലുണ്ടായിട്ടില്ല.

ഞാൻ അന്നു ബെംഗളൂരിലായിരുന്നു താമസം ചാന്ദനിചൌക്ക് റോഡിൽ. നഗരമധ്യത്തിൽനിന്നകലെ ഒരിടത്ത് എനിക്കു അന്നു ഒരു ട്യൂഷൻജോലിയുണ്ടായിരുന്നു. ഉച്ചതിരിഞ്ഞാൽ ആ സ്ഥലത്തേക്കു ഞാൻ കട്ടവണ്ടിയിൽപോകും. സന്ധ്യയോടെ റെയിൽ അരികിൽക്കൂടി മടങ്ങിവരികയും ചെയ്യും.

ഒരുദിവസം ഞാൻ ട്യൂഷൻജോലി കഴിഞ്ഞു മടങ്ങുകയായിരുന്നു. റെയിലിന്മേൽക്കൂടിയാണു നടന്നിരുന്നതു്. എന്റെ മനസ്സിൽ നൂറുനൂറു ചിന്തകളുണ്ടായിരുന്നു. ആ ദിവസം ഞാൻ ഒരാളുമായി നടത്തിയ വാഗ്വാദം വഴക്കിൽ കലാശിക്കുകയും എന്റെ അഭിമാനം മുറിയേല്പിക്കപ്പെടുകയും ചെയ്തിരുന്നു. വേറെ ഒരാളോടു കുറച്ചു പണം കടംവാങ്ങിയിരുന്നതു് അവധിയ്ക്കു തിരിച്ചു കൊടുത്തിട്ടുണ്ടായിരുന്നില്ല. വേറെയും പലതുമുണ്ടായിരുന്നു എന്റെ മനസ്സിനെ കീഴ്മേൽ മറിക്കാൻ. എങ്കിലും ഞാനങ്ങിനെ നടന്നുകൊണ്ടിരുന്നു, ഒരു യന്ത്രത്തെപ്പോലെ. ചുററുപാടുള്ളതൊന്നും എന്റെ ദൃഷ്ടിയിൽ പെട്ടില്ല; ശ്രദ്ധയിൽ പതിഞ്ഞില്ല. പെട്ടെന്നു പിന്നിൽനിന്നു 'ഏതോ ഒരു ശക്തി എന്റെ കൈപിടിച്ചു് എന്നെ ഒരേറു്. ഒരു കൊട്ടങ്കം



ററിന്റെ ഇരമ്പലും. 'ഝക്' 'ഝക്' എന്നു ശബ്ദിച്ചുകൊണ്ടു മിന്നൽ പിണരിന്റെ വേഗത്തിൽ വണ്ടി റെയിൽ കടന്നുപോയി. ഒരു നൂറു റാത്തലിന്റെ ഭാരം എന്റെ തലയിലേററിയിട്ടുണ്ടെന്നു തോന്നി. ഞാൻ കിടന്ന കിടപ്പിൽനിന്നു മെല്ലെ തലപൊക്കി നോക്കി. എന്റെ സമീപത്തായി ഒരാൾ ഒരു കരിങ്കൽക്കൂമ്പാരത്തിന്മേൽ കമഴ്ന്നുവീണിരിക്കുന്നതായി കണ്ടു.

ഞാൻ മെല്ലെ എഴുന്നീററു അയാളുടെ അടുത്തു ചെന്നു. അപ്പോഴും അയാൾ ആ നിലയിൽ കിടക്കുകയായിരുന്നു. ഞാൻ അയാളെ മലത്തിക്കിടത്തി. പല്ലിൽനിന്നും നെററിയിൽനിന്നും രക്തമൊഴുകുന്നുണ്ടായിരുന്നു. അയാൾ ബോധരഹിതനായിക്കിടക്കുകയാണ്. സാധുമനുഷ്യൻ! ഒരു സഹോദരന്റെ പ്രാണനെ രക്ഷിക്കുവാനുള്ള ശ്രമത്തിൽ അയാൾക്കു കിട്ടിയ ഫലം!!

അയാൾ ആസ്പത്രിയിലേക്കു എടുക്കപ്പെട്ട നേരം രാത്രിയായിരുന്നു. അയാൾക്കു ബോധം തെളിഞ്ഞിട്ടുണ്ടായിരുന്നു. ഞാൻ അയാളുടെ കട്ടിലിന്നരികെ തന്നെ ഇരിക്കുന്നുണ്ട്. പതുങ്ങിയ സ്വരത്തിൽ അയാൾ പറഞ്ഞു "വെള്ളം." കുപ്പിയിൽ തെയ്യാറാക്കി വെച്ചിരുന്ന ബാർളിവെള്ളത്തിൽനിന്നു ഒരു ഗ്ലാസ്സു പകർന്നു ഞാൻ അയാളെ കുടിപ്പിച്ചു. പുഞ്ചിരിപൊഴിയുന്ന മുഖത്തോടെ അയാൾ എന്നെ ഒന്നു നോക്കി. ആ നോട്ടത്തിൽ ചാരിതാർത്ഥ്യത്തിന്റെ ഒരു ഛായയുണ്ടായിരുന്നു. അയാളുടെ നാവ് ഇളകി "ദൈവകൃപയാൽ നിങ്ങൾ മരണത്തിൽനിന്നു രക്ഷപ്പെട്ടുവല്ലോ. അതുമതി എനിക്കു പററിയതു് സാരമില്ല"

"സഹോദരാ, നിങ്ങൾക്കു ഞാൻ ഹൃദയംഗമമായി നന്ദിപറയുന്നു. സ്വന്തം ജീവനെ അപകടപ്പെടുത്തിയിട്ടുകൂടി നി[illegible] ഒരപരിചിതനായ എന്നെ മരണത്തിൽനിന്നു രക്ഷിച്ച ധന്യനാണു നിങ്ങൾ."

"ഞാൻ ഒരു നിസ്സാരജീവിയാണു എന്റെ കർത്തവ്യം ചെയ്തുവെന്നേയുള്ളു."

അല്പനേരം മൌനിയായിരുന്നശേഷം ഞാൻ ചോദിച്ചു "സഹോദരാ, നിങ്ങളുടെ പേര്?"

"അബ്ദുൽ ജബ്ബാർ"

"അബ്ദുൽ ജബ്ബാർ! അപ്പോൾ നിങ്ങൾ മുസൽമാനാണു, അല്ലേ?"

"അതെ, ഞാൻ മുസൽമാനാണ്. ആത്മത്യാഗമാണ് മതം എന്നെ പഠിപ്പിക്കുന്നതു്. സ്വജീവനെ അപായപ്പെടുത്തിയും അന്യരുടെ പ്രാണനെ രക്ഷിക്കുന്നതു് എന്റെ കർത്തവ്യമാണ്"

അയാളുടെ വായിൽനിന്നു പുറപ്പെട്ട വിശിഷ്ടോപദേശങ്ങളെക്കുറിച്ചു ഞാൻ അല്പനേരം ആലോചിച്ചുപോയി. മൌനം അവസാനിപ്പിച്ചുകൊണ്ടു അയാൾ പറഞ്ഞു "ഓ, ഒന്നു ചോദിക്കാൻ വിട്ടു. നിങ്ങളുടെ പേരെന്താണു?"

"ദേവദാസ്"

അങ്ങിനെ ഞങ്ങൾ പരിചിതരായി.

ഒരാഴ്ച കഴിഞ്ഞപ്പോൾ ജബ്ബാറിന്റെ സ്ഥിതിക്കു അല്പം ഭേദം തോന്നിയെങ്കിലും താമസിയാതെ അയാൾ കിടക്കയെത്തന്നെ ശരണം പ്രാപിക്കേണ്ടിവന്നു. അയാൾ ഇടക്കിടക്കു ചുമച്ചിരുന്നു. ചുമക്കുമ്പോൾ അയാൾക്കു നെഞ്ചിൽ ഒരു വേദനയും. ശരീരം ഇളകുമ്പോഴൊക്കെ കിതച്ചിരുന്നു. രോഗത്തിന്റെ പേക്കൂത്തുകൾ അയാളുടെ ആകാരത്തിന്നു ചില മാററങ്ങൾ വരുത്തിക്കൂട്ടി. ഒരു മെലിച്ചൽ അയാളെ ബാധിച്ചു. ശരീരത്തിലെ മാംസളമായ ചില ഭാഗങ്ങളിൽ ഒന്നു രണ്ടു് അസ്ഥികൾ തള്ളിവരാൻ തുടങ്ങി.

ഒമ്പതു മാസം കഴിഞ്ഞു. അന്നു പുലർന്നപ്പോൾ ഞാൻ ജബ്ബാറിനെ കാണാൻ പോയി. അയാൾ ഉറങ്ങുകയായിരുന്നു. ഞാൻ ചെന്നു് അടുത്തു നിന്നു. ഉണർന്നില്ല. ഞാൻ വിളിച്ചുനോക്കി. അനക്കമില്ല. ശരീരത്തിൽ സ്പർശിച്ചപ്പോൾ മഞ്ഞിൻകട്ട തൊടുന്നപോലെ ഒരു കുളിർ. എന്റെ മുഖത്തു വ്യഗ്രതയുടെ ഒരു മിന്നൽപിണർ പാഞ്ഞുപോയി. ഞാൻ ചെന്നു ഡാക്ടരെ കൂട്ടിക്കൊണ്ടുവന്നു."

അയാൾക്കു കഥ തുടരാൻ സാധിച്ചില്ല. അയാളുടെ തൊണ്ട ഇടറി. കണ്ണുകൾ ബാഷ്പകലുഷങ്ങളായി.

"എന്നിട്ട്?" ഞാൻ ജിജ്ഞാസയോടെ ചോദിച്ചു.

കൈലേസുകൊണ്ടു കണ്ണുനീർ തുടച്ചശേഷം അയാൾ തുടർന്നു:—"ഡാക്ടർ വന്നു കൈനാഡി പരിശോധിച്ചു ഡാക്ടരുടെ മുഖം പെട്ടെന്നു മങ്ങുന്നതു് എനി

വട്ടാമ്പൊയിൽ
ചാത്തുക്കുട്ടി വൈദ്യരുടെ
പ്രസിദ്ധമായ
A. V. OIL
രക്തദൂഷ്യത്തിന്നു അത്യുത്തമം.
K. V. KRISHNAN.
THE ANGLO INDIAN PHARMACY, CALICUT.

ക കാണ്മാൻ സാധിച്ചു. അയാൾ ജബ്ബാറിന്റെ ശരീരത്തിൽനിന്നു കണ്ണുകൾ സാവധാനമായുയർത്തിയിട്ട് മൌനമായാവേശത്തോടെ എന്നെ ഒന്നു നോക്കുകമാത്രം ചെയ്തു. ആ മൌനഭാഷ എനിക്ക മ.ന.സ്സി..ലാ.യി.”

അയാളുടെ കണ്ണും വീണ്ടും ഇടറി. കണ്ണുനീർ കണങ്ങൾ ആലിപ്പഴങ്ങൾപോലെ ആ കിടക്കയിൽ അടർന്നടർന്നുവീണു. അയാളുടെ നാസികാഗ്രങ്ങൾ ഒന്നു വിജൃംഭിച്ചു. എന്റെ കണ്ണുകളിലും വെള്ളം നിറഞ്ഞു. കലങ്ങിയ ദൃഷ്ടികളോടെ ഞാൻ ആ ചിത്രത്തിൽ ഉററുനോക്കിയപ്പോൾ മൂടൽമഞ്ഞിന്റെ മറവിൽനില്ക്കുന്ന ഒരു രൂപംപോലെ അവ്യക്തമായിമാത്രം അതു കാണ്മാൻ സാധിച്ചു. അല്പനേരത്തെ മൌനത്തിനുശേഷം ഒരു നെടുവീർപ്പോടെ അയാൾ ഇങ്ങിനെ അവസാനിപ്പിച്ചു:

“ഇതാണ് ശോകപൂർണ്ണമായ ആ കഥ. എന്റെ ആത്മമിത്രം രോഗശയ്യയിൽ കിടക്കുന്നതിനെയാണു ഞാൻ ചിത്രീകരിച്ചിരിക്കുന്നത്. എന്റെ കലാസൃഷ്ടികളിൽവെച്ച് ഏററവും മെച്ചപ്പെട്ടത്—“മാസ്റ്റർപീസ്”—എന്നു ഈ ചിത്രം പുകഴ്ത്തപ്പെട്ടിരിക്കുന്നു. വളരെ വിലപറഞ്ഞിട്ടും ഞാൻ ഈ അമൂല്യസമ്പത്തു കൈവിട്ടില്ല. എന്റെ മരണംവരെ ഞാനിതു സൂക്ഷിക്കുകയും ചെയ്യും. ഈ കാണുന്ന ചട്ടക്കൂടിനേക്കാൾ മനോഹരമായ ഒരു തങ്കച്ചട്ടയിലാണു ഈ ചിത്രം ഞാൻ എന്റെ ഹൃദയാന്തർഭാഗത്തു സൂക്ഷിച്ചിരിക്കുന്നത്.”

കഥ അവസാനിച്ചു. മുറിയുടെ മൂലയിൽക്കൂടി ‘കീ’ ‘കീ’ എന്നു ചിലച്ചുകൊണ്ട് ഒരു എലി പാഞ്ഞുപോയി. പുറത്തെ മുറിയിലെ ഘടികാരം പന്ത്രണ്ടു പ്രാവശ്യം ശബ്ദിച്ചു. ഞങ്ങൾ ഉറങ്ങാൻ കിടന്നു.

കണ്ണുകളിൽ ഉറക്കം വന്നുകൊണ്ടിരുന്നപ്പോഴും ആ ചിത്രം എന്റെ മനസ്സിൽ ഉദിക്കുന്നുണ്ടായിരുന്നു.

(പകർപ്പവകാശം)

നമ്മുടെ നാട്ടുകാരാൽ നമ്മുടെ നാട്ടിൽ വെച്ചുണ്ടാക്കപ്പെടുന്ന

തനി സ്വദേശ മേത്തരം തീപ്പെട്ടികൾ

കാലവ്യത്യാസം കൂടാതെ ഉപയോഗിക്കാവുന്നവ



കേരള മാച്ച് ഫാക്ടറി, പൊന്നാനി, S. മലബാർ.

അന്ത്യചിന്ത

മണ്ണാലത്ത് ശ്രീധരൻ

മോഹനരൂപിണിയാം പ്രകൃതിതൻ
ഗേഹമായിലസിച്ചൊരാ ഗ്രാമത്തിൽ
ജാതയാമമ്മെൻ മരണക്കിടക്കയി—
ലേറ്റുപാതവക്കിലിപ്പട്ടണത്തിങ്കലോ!
വാസരങ്ങളായിട്ടുന്നതാം തിര—
ശ്ശീലയെത്രമേൽവീണു കഴിഞ്ഞുപോയ്!
എത്ര ജീവിതനാടകരംഗങ്ങൾ—
മൃത്യുവത്തിരശ്ശീലയിൽ മാഞ്ഞുപോയ്...!
അന്ത്യമാമിന്നാളെൻ ജീവിതനാടക
മന്ത്യമറ്റതിതാം ചൂഴുന്നതോ......!
പട്ടിണിതന്റെ ഉഷ്ണരണക്കീഴ്—
പ്പെട്ടതോ; എന്റെ ജീവിതം ശുഷ്കമായ്;
നിസ്സഹായയായ്; രോഗവ്രണത്തിനാൽ
ദുസ്സഹമായ യാതനാക്ലേശിയായ്!

ഇവ്വിധം ഹാ! കിടന്നു മർത്ത്യമാമെൻ
ജീവിതവൃത്തമെത്ര ഭയാനകം!
ആരെഴുതിയീനാടക;—മേററവും
ക്രൂരമായ സമുദായനീതിയോ?
ചാകണമത്ര!—ജീവിച്ചിരിക്കുവാ—
നേക്കിടാനുള്ളവകാശമതിന്നിനി!
നവ്യ പീയൂഷധാരപൊഴിച്ചിതും
ഭവ്യമാംനീതി മേലിൽ വളരണം.
പാവനമതിൻ തൂലികതാനിനി—
യാവണം രചിച്ചീടുവാൻ ജീവിതം.
എന്നവസാനരംഗമൊരുവിധ—
മിന്നതിൻ മരണംവരികിലും,
മന്നിനാശ്വാസമേകമാമാവിതൻ
മുന്നിൽനിന്നൊന്നു ഞാൻ ചിരിക്കട്ടെയോ.

New
Taj Mahal Hotel
CALICUT.

റെയിൽവേസ്റ്റേഷന്നടുത്ത് ഒയിററി റോഡിൽ പുതുതായി തുറന്നിട്ടുള്ള

ന്യൂ താജ്മഹൽ ഹോട്ടൽ

സ്വദേശികൾക്കും, വിദേശികൾക്കും, യാത്രക്കാർക്കും താമസത്തിന്നും ഭക്ഷണപാനീയങ്ങൾക്കും ഏററവും സൌകൎയ്യപ്രദം.

ടീപാർട്ടികളും ഏറെറടുത്ത് നടത്തപ്പെടുന്നതാണ്.

നിങ്ങളുടെ സന്ദൎശനത്തെയും പരീക്ഷണത്തേയും ക്ഷണിച്ചുകൊള്ളുന്നു.

കോഴിക്കോട്ടു പട്ടുതെരുവിൽ സ്പെൻസറിനെ അഭിമുഖീകരിച്ചുള്ള ബോംബെ ഹോട്ടലിന്റെ ഉടമസ്ഥനാൽ നടത്തപ്പെടുന്നത്.

യുദ്ധവും വനിതാലോകവും

സി. നാരായണൻ എം. എ; എൽ. ടി.

ഒന്നാം ലോകമഹായുദ്ധത്തെക്കാൾ രണ്ടാം ലോകമഹായുദ്ധം വനിതാജനങ്ങളെ കൂടുതൽ കർത്തവ്യോന്മുഖരാക്കിത്തീർത്തിട്ടുണ്ടെന്നുള്ളത് അനുഭവസിദ്ധമായ ഒരു സംഗതിയാണ്. യുദ്ധത്തിലേർപ്പെട്ട ഏതൊരു രാഷ്ട്രത്തെയും സ്ത്രീജനങ്ങൾ സമരകാര്യത്തിൽ സജീവമായ ഒരു പങ്കു വഹിക്കാതിരുന്നിട്ടില്ല. ചൈനയിലെ സ്ത്രീകൾ ഒളിയുദ്ധം (Guerilla warfare) നടത്തുന്നതിൽ വിദഗ്ദ്ധകളാണ്. റഷ്യൻവനിതകൾ ബോമ്പർവിമാനങ്ങൾ നയിക്കുകയും പാരച്യൂട്ട്സേനയിൽപോലും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. നാസികൾക്കധീനപ്പെട്ട പല രാജ്യങ്ങളിലും സ്ത്രീകൾ രണാങ്കണത്തിലിറങ്ങി സധൈര്യം അടരാടിയിട്ടുണ്ട്. അമേരിക്കയിലെ സ്ത്രീകൾ യുദ്ധത്തിന്റെ എല്ലാ പ്രവൃത്തിരംഗങ്ങളിലും പൂർണ്ണമായി പ്രവേശിച്ചുകഴിഞ്ഞിരിക്കുന്നു. ബ്രിട്ടീഷുവനിതകൾ യുദ്ധത്തിന്റെ വിവിധവശങ്ങളും കണ്ടുകഴിഞ്ഞിരിക്കുന്നു. ഇന്ത്യൻവനിതകളും യുദ്ധസംബന്ധമായ പ്രവൃത്തികളിൽ ഗണ്യമായ പങ്കു വഹിച്ചുവരുന്നുണ്ട്.

ബ്രിട്ടനിൽ നാവികസേന, കരസേന, വ്യോമസേന എന്നിവയിലെല്ലാം സ്ത്രീകൾ പ്രവൃത്തി എടുക്കുന്നുണ്ട്. ആയുധനിർമ്മാണശാലകളിൽ അവർ സ്തുത്യർഹമായവിധം ജോലികൾ നിർവ്വഹിച്ചുവരുന്നുണ്ട്. പൌരസംരക്ഷണത്തിനുവേണ്ടിയുള്ള പല പ്രവൃത്തികളിലും അവർ ഏർപ്പെട്ടുവരുന്നുണ്ട്. പൌരസംരക്ഷണജോലികളിലേർപ്പെടുവാൻ ഒരു വലിയസന്നദ്ധസംഘം തന്നെ സ്ഥാപിച്ചിരിക്കുന്നു. ഇതിന്റെ മേധാവി റീഡിങ് പ്രഭ്വി ആണ്. ഈ സംഘത്തിൽ 10 ലക്ഷത്തിലധികം അംഗങ്ങളുണ്ട്. റെഡ്ക്രോസ്സ്, നേർസിങ്, സ്കൗട്ട്, മതം, രാഷ്ട്രം മുതലായവയ്ക്കുവേണ്ടി നിലകൊള്ളുന്ന ഏകദേശം നൂറ് വനിതാസംഘങ്ങളുടെ പ്രാതിനിധ്യം ഈ സംഘടനയ്ക്കുണ്ട്. രാജ്യത്തിന്റെ ഏതൊരു ഭാഗത്തും ഇതിന്റെ ശാഖയില്ലാത്ത ഒരു നഗരമോ ഗ്രാമമോ ഇല്ല.

ബ്രിട്ടീഷ്‌വനിതാസംഘങ്ങൾ പ്രധാനമായി ഏർപ്പെട്ടിരുന്നത് വിമാനാക്രമണാനന്തരം ആവശ്യമായ സഹായസേവനങ്ങളിലാണ്. വിമാനാക്രമണത്തിൽ സർവ്വസ്വവും നഷ്ടപ്പെട്ടവർക്ക് വസ്ത്രം നൽകുന്നതിനു 2000 ഡിപ്പോകൾ ഇവരുടെ അധീനത്തിലുണ്ടായിരുന്നു. 1940ൽ 15 ലക്ഷത്തിൽ അധികം ഉടുപ്പുകൾ ഇവയിൽനിന്നു നൽകപ്പെട്ടിട്ടുണ്ട്. പറക്കും ബോമ്പുകൾ നിമിത്തം ഇവയിൽ മിക്കതു നശിച്ചുപോവുകയും, പലർക്കും അപായം നേരിടുകയും ചെയ്തിരുന്നുവെന്നതും ഇവിടെ പ്രസ്താവ്യമത്രെ. ആക്രമണത്തിന്നിടയായ പ്രദേശങ്ങളിൽ ഉടനടി ഭക്ഷണപദാർത്ഥങ്ങൾ എത്തിച്ചുകൊടുക്കുവാനുള്ള ഏർപ്പാടുകളും സംഘങ്ങൾ ചെയ്തുവന്നിരുന്നു. 15,000 ആളുകൾക്കു ഒന്നായിട്ടു ഒരു ദിവസം ഭക്ഷണം എത്തിക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യാൻ അവർക്കു സാദ്ധ്യമായിരുന്നെന്നു പറഞ്ഞാൽ അവരുടെ പ്രവൃത്തിയുടെ വ്യാപ്തി ഊഹ്യമാണല്ലോ. അപായസ്ഥലങ്ങളിൽനിന്നു സ്ത്രീകളെയും കുട്ടികളെയും ഒഴിപ്പിച്ചു മററിടങ്ങളിൽ കൊണ്ടുപാർപ്പിക്കുന്നതിലും ഇവർ ഏർപ്പെട്ടു. 5 വയസ്സിനുതാഴെയുള്ള 49,000 കുട്ടികളെ ഇവർ ഈ പ്രകാരം തലസ്ഥാനനഗരിയിൽനിന്നു ക്ഷേമസ്ഥലങ്ങളായ സംരക്ഷണകേന്ദ്രങ്ങളിലേക്കു എത്തിച്ചിരിക്കുന്നു. വീടുകൾ നഷ്ടപ്പെട്ടവർക്കു വേണ്ടുന്ന താമസസൌകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ഇവരുടെ മറെറാരു കൃത്യം. ഇതിന്നാവശ്യമായ പല സാധനങ്ങളും ജനങ്ങളിൽനിന്നു സംഭാവനയായി ലഭിച്ചുവന്നിട്ടുണ്ട്. സംഘത്തിന്റെ അധീനത്തിൽ 20,000 കാറുകളുണ്ടായിരുന്നു. പെട്ടെന്നാവശ്യമാകുമ്പോൾ ഓടിച്ചുകൊണ്ടുപോകുവാനുള്ള പരിശീലനം നൽകപ്പെട്ടിട്ടുള്ളവർ പ്രത്യേകമുണ്ടായിരുന്നു. ഇതിലെ അംഗങ്ങൾ അറുപതും അതിലധികവും പ്രായംചെന്ന സ്ത്രീകളാണ്. യുദ്ധസേവനത്തിനു അവർക്കു വാർദ്ധക്യം അത്ര വലിയ പ്രതിബന്ധമായി നില്ക്കുന്നില്ല. ഇതുകൂടാതെ എ. ആർ. പി. ജോലികളിൽ പരിശീലനം നല്കുന്നതിലും വനിതാസന്നദ്ധസംഘങ്ങൾ ഏർപ്പെട്ടിരുന്നു.

റഷ്യയിലെ വനിതകൾക്ക് യുദ്ധത്തിലുള്ള പങ്ക് അത്ഭുതാവഹമത്രെ. സൈനികമേധാവിത്വം വഹിക്കുന്നവരായിത്തന്നെ കുറച്ചുമുമ്പത്തെ കണക്കുപ്രകാരം 170 സ്ത്രീകളുണ്ട്. എത്രയോപേർ കരസൈന്യത്തിലും നാവികസേനയിലും ഉണ്ട്. പാരച്യൂട്ട്സേനയിൽ പരിശീലനം കഴിച്ചവരായി 10 ലക്ഷം പേരാണുള്ളത്. എത്രയോ വിദഗ്ദ്ധകളായ വൈമാനികകൾ ഇവരുടെ കൂട്ടത്തിലുണ്ട്. ആകാശക്കപ്പലുകളും പോർവിമാനങ്ങളും നയിക്കുന്നതിൽകൂടി അവർ ഏർപ്പെട്ടിരുന്നു. ചുരുക്കിപ്പറയുകയാണെങ്കിൽ ഇക്കഴിഞ്ഞ യുദ്ധത്തിൽ റഷ്യൻ സ്ത്രീകൾ പുരുഷന്മാരോടൊപ്പം ഒരു സജീവമായ പങ്ക് വഹിച്ചുവരികയാണ് ചെയ്തത്.

ആസ്ത്രേലിയയിൽ ജപ്പാനുമായി യുദ്ധമാരംഭിച്ചപ്പോൾതന്നെ 1600 സ്ത്രീകളെ കരസേനയിലേക്കും 500 സ്ത്രീകളെ വ്യോമസേനയിലേക്കും ചേർക്കുന്നതിനു മന്ത്രിസഭ തീരുമാനിക്കുകയുണ്ടായി. വൈദ്യസഹായസംഘത്തിലും അവർ ജോലികൾ ചെയ്തുവരുന്നുണ്ട്. മദ്ധ്യപൂർവ്വപ്രദേശങ്ങളിൽ മൂന്നുസംഘവും ന്യൂഗിനിയയിൽ 4 സംഘവും ഇപ്രകാരം പോയി പ്രവൃത്തിയെടുത്തുവന്നിട്ടുണ്ട്. സ്വരാജ്യം വിട്ടുപോകാൻ കഴിയാത്തവർ പട്ടാളക്കാർക്കാവശ്യമായ പലവിധ സാധനങ്ങൾ ശേഖരിച്ചും മററും യുദ്ധകാര്യങ്ങളിൽ സഹായിച്ചുവരുന്നു. ആസ്ത്രേല്യൻ രാജകീയ വനിതാനാവികസംഘം "കാൻബറ"ക്കടുത്തുള്ള നാവികത്താവളത്തെ തങ്ങളുടെ പ്രവൃത്തിരംഗമാക്കിത്തീർത്തിരിക്കയാണ്. വിദഗ്ദ്ധനാവികരുടെ മാർഗ്ഗനിർദ്ദേശത്തോടുകൂടി അവർ കടലോരം കാക്കുന്ന ജോലികളിൽ ഏർപ്പെട്ടുവരുന്നു. മുങ്ങിമരിക്കുന്നവരെ രക്ഷപ്പെടുത്തുവാനും മററും ഒരു ജീവരക്ഷിസംഘം (Life Guards) വേറെയും ഉണ്ട്. ആസ്ത്രേല്യൻ കടലോരത്തിൽ ആകെക്കൂടി ഇവർ കൊല്ലത്തിൽ ശരാശരി 20,000 പേരെ രക്ഷപ്പെടുത്തുന്നുണ്ടെന്നു കണക്കാക്കിയിരിക്കുന്നു.

തെക്കേ ആഫ്രിക്കയിൽ പാശ്ചാത്യവനിതകളോടൊപ്പം തദ്ദേശീയരായ മഹിളകളും യുദ്ധസംബന്ധമായ പ്രവൃത്തികൾക്കായി ഇറങ്ങിപ്പുറപ്പെട്ടു. കരസേനയോടും വ്യോമസേനയോടും അനുബന്ധിച്ചു രണ്ടു സന്നദ്ധസംഘം (Women's Auxiliary Air Force; Women's Auxiliary Army Service); ഉണ്ടായിരുന്നു. ഓരോന്നിലും 5000-ൽപരം അംഗങ്ങളാണുണ്ടായിരുന്നത്. ഒരു വനിതാവളണ്ടിയർ വിമാനസേനയും ഇവിടെ പ്രവർത്തിച്ചുവന്നിട്ടുണ്ട്. സമുദ്രതീരരക്ഷാജോലികളിൽ ഏർപ്പെട്ടുവരുന്ന വനിതാസംഘങ്ങളും ഉണ്ട്. ആയുധനിർമ്മാണശാലകളിൽ ആയിരക്കണക്കിൽ സ്ത്രീകൾ ജോലിചെയ്തുവരുന്നു.

ഇന്ത്യയിലും യുദ്ധം ഇത്തരം പ്രവൃത്തികളിലേക്കു വനിതാലോകത്തിന്റെ ശ്രദ്ധയെ ആകർഷിച്ചിട്ടുണ്ട്. 1942 ഏപ്രിൽമാസം ഇന്ത്യൻ വനിതാസന്നദ്ധസംഘം (Women's Auxiliary Corps [India] സ്ഥാപിതമായി. അതിന്റെ പ്രവർത്തനം ആശാവഹമാംവിധം പുരോഗതി പ്രാപിച്ചിട്ടുണ്ട്. തെക്കേ ഇന്ത്യയിൽമാത്രം കരസൈന്യത്തോടനുബന്ധിച്ചു 1800 സ്ത്രീകളും, ആർ. എ. എഫിൽ 700 പേരും നാവികവകുപ്പിൽ 200 പേരും പ്രവർത്തിച്ചുവരുന്നുണ്ട്. ഇന്ത്യയിലാകെ 10000-ൽപരം വനിതകൾ ഈ സംഘത്തിലുണ്ട്. ഇതിൽ 1000 പേർ ആഫീസർമാരായിത്തന്നെ പ്രവൃത്തിയെടുത്തുവരുന്നു. അംഗങ്ങളിൽ പകുതിയും ഭാരതീയ മഹിളകൾ തന്നെയാണ്. ഇവർ ഹിന്ദു മുസ്ലിം, പാർസി, ക്രിസ്ത്യാനി എന്നിങ്ങിനെ നാനാജാതി മതസ്ഥരാണ്. ആയുധനിർമ്മാണശാലകളിലെ തൊഴിലാളികളിൽ 13 ശതമാനം സ്ത്രീകളാണ്.

നാവികവകുപ്പിലുള്ള സ്ത്രീകൾ വളരെ പ്രധാനപ്പെട്ട ജോലികളാണ് നിർവ്വഹിച്ചുവരുന്നത്. അവർ ആഫീസ്സ് ജോലികളിലും വാർത്താസന്ദേശങ്ങൾ സ്വീകരിക്കുക, അയയ്ക്കുക എന്നിവയിലും ഏർപ്പെട്ടുവരുന്നു. മദിരാശിക്കാർ എത്രയോപേർ ഇതിൽ പ്രവൃത്തിചെയ്തുവരുന്നുണ്ട്. ഇതിൽ ഇപ്പോൾ 90 ശതമാനവും സ്ത്രീകൾ തന്നെയാണ്. ആഫീസർമാരായും സ്ത്രീകൾ നിയമിതരായിട്ടുണ്ട്. ഇവർക്ക് പരിശീലനം ബോംബേയിൽവെച്ചു നൽകിവരുന്നു. ഇവർക്ക് എല്ലായിടങ്ങളിലും താമസിക്കുവാൻ പ്രത്യേക ഹോസ്റ്റലുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ബർമ്മാ അതിർത്തിയിലുള്ളതും പലപ്പോഴും ശത്രുക്കളുടെ ബോംബേറിന്നിരയാവുന്നതും ആയ ചിററഗോങ്ങിൽ—അതേ, അവിടെയുള്ള നാവികകേന്ദ്രത്തിൽ കൂടി ഇവർ സധൈര്യം ജോലികൾ നിർവ്വഹിച്ചുവരുന്നു. എത്രയോപേർ ആക്സിലിയറി നേർസിങ്ങ് സർവീസിൽചേർന്ന് ഇന്ത്യയുടെ നാനാഭാഗങ്ങളിലും മാത്രമല്ല, ഇന്ത്യക്കു പുറമെയുള്ള വിദൂരപ്രദേശങ്ങളിലെ സൈനിക രോഗശുശ്രൂഷാലയങ്ങളിലും നിർവ്വിശങ്കം ജോലികൾ ചെയ്തുവരുന്നു. എത്രയോ വനിതാഡോക്ടർമാർ പട്ടാള സർവ്വീസിൽ ചേർന്നിട്ടുണ്ട്. റെഡ്ക്രോസ്സ് (ചെങ്കുരിശുസംഘം) സെൻറ്ജോൺസ് ആമ്പുലൻസ് (ആതുര ശുശ്രൂഷാസംഘം), എ. ആർ. പി. എന്നിവകളിലെല്ലാം ഇന്ത്യൻ വനിതകൾ മുന്നിട്ടിറങ്ങി പ്രവർത്തിക്കുന്നുണ്ട്.

ഇപ്രകാരം ഇന്ത്യയിലെ വനിതാജനങ്ങളും ഇന്നത്തെ ലോകമഹായുദ്ധത്തിൽ തങ്ങളാലാവുംവിധം രാജ്യരക്ഷാജോലികളിൽ സാരമായ പങ്കുവഹിച്ചുവരുന്നുണ്ട്. എങ്കിലും ഇത്തരം പ്രവൃത്തികൾക്കു ആളുകൾ പോരാതെയാണ് വന്നിരിക്കുന്നതു്. ഇന്നത്തെസ്ഥിതിക്ക് ഇനിയും എത്രയോപേർ താദൃശജോലികളിലേക്കു ഇറങ്ങിപ്പുറപ്പെടേണ്ടതു് അത്യന്താപേക്ഷിതമായിട്ടാണിരിക്കുന്നതു്. സ്വഗേഹവും സ്വദേശവുംവിട്ടു വിദൂരരാജ്യങ്ങളിൽക്കൂടിപ്പോയി യുദ്ധസേവനം ചെയ്തുവരുന്ന മഹിളാമണികളുടെ മാതൃക മററുള്ളവരെ ഇതിലേക്കാകർഷിക്കുവാൻ പ്രേരകമായിത്തീരുമാറാകട്ടെ.

സിറിയൻ സ്വാതന്ത്ര്യം

വർഗ്ഗീസു കളത്തിൽ, എം. ഏ.

"തങ്ങളുടെരാജ്യം പാരതന്ത്ര്യത്തിൽപെട്ടുവാൻ അനുവദിക്കുന്നതിനെക്കാൾ മരിക്കുകയാണ് നല്ലതെന്നു സിറിയക്കാർ കരുതുന്നു" എന്നു സഅദുള്ള ജിബ്രി ഉറന്നു പ്രസ്താവിക്കുന്ന അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പ്രത്യക്ഷമാകുന്നതു് സ്വാതന്ത്ര്യാഭിലാഷം തികഞ്ഞ സിറിയൻ ചുട്ടകെട്ടത്തിന്റെകർമ്മധീരതയാണ്. അദ്ദേഹം അറബി ലീഗിന്റെ പ്രാരംഭ പ്രവർത്തകന്മാരിൽ ഒരാളും, സിറിയൻ ഡെപ്യൂട്ടിസ് ചേംബറിലെ സ്പീക്കറും ആണ്. സിറിയയിലെ പ്രധാന മന്ത്രി എന്നനിലയിൽ അദ്ദേഹം വളരെനാളു പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹം അറബിലീഗിൽ സംബന്ധിക്കുവാൻ കെയിറോവിലേക്കു പോകുന്ന മാർഗ്ഗമദ്ധ്യേയാണ് മേലുദ്ധരിച്ച പ്രസ്താവന പുറപ്പെടുവിച്ചതു്. അതിൽനിന്നും അറബി ലീഗിന്റെ സമ്മേളനത്തിൽ ഫ്രാൻസിനെതിരായിട്ടുണ്ടാകുന്ന കോളിളക്കം എത്രമാത്രമായിരിക്കുമെന്നു് ഊഹിക്കാവുന്നതാണ്. ഈജിപ്റ്റിലെ മന്ത്രിസഭ സിറിയൻ ബഹളത്തിന്റെ ആരംഭത്തിൽതന്നെ ഫ്രാൻസിന്റെപ്രവൃത്തിയിൽ പ്രതിഷേധം രേഖപ്പെടുത്തി. സിറിയയിലെ സംഭവം മററുള്ള അറബിരാജ്യങ്ങളിലും ആവർത്തിച്ചേക്കുമോ എന്നുള്ള ഭയം നിമിത്തം വേണ്ടുന്ന മുൻകരുതൽ ചെയ്യുവാൻ അറബി രാഷ്ട്രങ്ങൾ അക്ഷീണ പരിശ്രമം ചെയ്യുമെന്നുള്ളതിന് യാതൊരു സംശയവുമില്ല.

ഫ്രാൻസുതന്നെ സിറിയയുടെ സ്വാതന്ത്ര്യം അനുവദിച്ചിട്ടുള്ളതാണ്. ബ്രിട്ടനും അമേരിക്കയും അതു സമ്മതിച്ചിട്ടുള്ളതാണ്. എന്നാൽ ഫ്രാൻസിന് ചില പ്രത്യേക അവകാശങ്ങൾ സിറിയയിൽ അനുഭവിച്ചുകൊള്ളണമെന്നാണ് ഡിഗോളിന്റെ വാദം. 1920-ലെ ഫ്രെഞ്ചു മാൻഡേററ് അധികാരത്തിന്റെ വേറായ ഭാവമെങ്കിലും ഇപ്പോഴും ഉണ്ടായിരിക്കണമെന്നാണ് ഫ്രാൻസിന്റെ ആഗ്രഹം. 1940-ൽ തന്നെ താൻ രക്ഷിക്കുവാൻപോലും കരുത്തില്ലാതെ തകർന്നുപോയ ഫ്രാൻസിന് മററാരു രാജ്യത്തിന്മേലുള്ള മേലധികാരം അന്നുതന്നെ അവസാനിച്ചുവെന്നും, കൂടാതെ സിറിയയുടെ സ്വാതന്ത്ര്യത്തെ ഫ്രാൻസു സമ്മതിച്ചിട്ടുള്ളതാണെന്നും സിറിയക്കാർ പറയുന്നു.

അമേരിക്കയും, ബ്രിട്ടനും, റഷ്യയും, ഫ്രാൻസും ഒരുപോലെ താല്പര്യം പ്രദർശിപ്പിക്കുന്ന സിറിയയുടെ പ്രാധാന്യം എന്താണെന്ന് പലരും വിസ്മയിച്ചേക്കാം. പണ്ട് സമരവീരന്മാർ രാജ്യം പിടിച്ചടക്കുന്നതിൽ കാണിച്ചിരുന്ന ആക്രമണതല്പരതയല്ല ഇന്ന് വമ്പിച്ച രാഷ്ട്രങ്ങളെ സിറിയയിലേക്കു ആകർഷിച്ചിരിക്കുന്നതു്. അവിടെയുള്ള സാമ്പത്തികലാഭത്തെ ഉദ്ദേശിച്ചുമാത്രമാണ് സമാധാനഭഞ്ജകന്മാരും സമാധാനപ്രിയന്മാരും അവിടെ പ്രവേശിച്ചിരിക്കുന്നതു്.

1913-ൽ ആംഗ്ലോ പേർഷ്യൻ എണ്ണക്കമ്പനിയുടെ പ്രവർത്തനത്തിൽ ഒരു നല്ല പങ്കു വഹിച്ചു് എണ്ണ ഉല്പാദിപ്പിക്കുന്നതിന്റെ ലാഭം കണ്ട നാൾമുതൽ ലവാൻറ് രാജ്യങ്ങളിൽ ബ്രിട്ടീഷുകാരുടെ എണ്ണവ്യവസായം വർദ്ധിച്ചുവന്നു. അതേസമയം അമേരിക്കക്കാരും പ്രസ്തുത വ്യവസായത്തിൽ അസാമാന്യമായ അഭിവൃദ്ധി നേടി. ബ്രിട്ടനും അമേരിക്കയും തമ്മിൽ പരിപൂർണ്ണമായ യോജിപ്പോടുകൂടി ലവാൻറ് രാജ്യങ്ങളിലെ എണ്ണവ്യവസായത്തിൽനിന്നുള്ള വമ്പിച്ച ലാഭം സമാഹരിച്ചുകൊണ്ടിരുന്നു. ഫ്രാൻസിനും ഡച്ചിനും ഈ വ്യവസായത്തിൽനിന്നും ആദായം ലഭിക്കുന്നുണ്ടായിരുന്നു. അന്ന് അവരവരുടെ രാജ്യത്തിന്റെ വ്യവസായസാദ്ധ്യതകളെക്കുറിച്ചു് വലിയ പരിജ്ഞാനമില്ലാതിരുന്ന ലവാൻറ് ദേശക്കാർ ഇന്ന് വ്യവസായപരമായും രാഷ്ട്രീയമായും പ്രബുദ്ധരായിത്തീർന്നിരിക്കുന്നു. അവർ അവരുടെ സ്വാതന്ത്ര്യത്തെ മുൻനിർത്തിയാണ് ഇപ്രകാരം പ്രവർത്തിക്കുന്നതു്. വളരെനാളത്തെ സാമ്പത്തികമായും മററുമുള്ള മാന്ദ്യത്തിനും അടിമത്തത്തിനുംശേഷം സംഘടിതശക്തിയെന്നനിലയിൽ മദ്ധ്യപൌരസ്ത്യദേശത്തെ അടക്കിഭരിക്കുവാൻ അറബിരാജ്യങ്ങൾ ആഗ്രഹിക്കുന്നു. എന്നിരുന്നാലും കിട്ടാവുന്നത്രയും സാമ്പത്തികവും സാംസ്കാരികവും ആയ ആനുകൂല്യങ്ങൾ ലഭിക്കുവാൻ മററുള്ള രാജ്യങ്ങൾ, പ്രത്യേകിച്ചു ഫ്രാൻസ്, ശ്രമിക്കുന്നതിന്റെ ഫലമായിട്ടാണ് ഇന്നത്തെ സംഘട്ടനങ്ങൾ ഉണ്ടായിട്ടുള്ളതു്.

കഴിച്ചമെയ്യ് പേർഷ്യൻ എണ്ണയിന്മേൽ റഷ്യ പുറപ്പെടുവിച്ച അവകാശവാദം ഇന്നും ആരുടെയും സ്മരണയിൽനിന്നു മറഞ്ഞിരിക്കയില്ല. റഷ്യൻസൈന്യം സംഗതിവശാൽപേർഷ്യയിൽ മുമ്പു പ്രവേശിക്കയുണ്ടായെങ്കിലും ഇതേവരെ അവിടെനിന്നും പിൻവാങ്ങിയിട്ടില്ല. അതുപോലെതന്നെ അമേരിക്കൻസൈന്യങ്ങളും ബ്രിട്ടീഷ്സൈന്യങ്ങളും പേർഷ്യയിൽ പാളയമടിച്ചിരിക്കുന്നു. വിദേശസൈന്യങ്ങളെ പിൻവലിക്കുന്നതിനെ സംബന്ധിച്ചു് പേർഷ്യൻ ഗവർമ്മെൻറ് വിദേശഗവർമ്മെൻറുകളെ അനുസ്മരിപ്പിക്കയുണ്ടായി.

ബ്രിട്ടൻ സൈന്യങ്ങളെ മാററുന്ന കാര്യത്തിൽ അനുകൂലിക്കുന്നുവെന്നും, എന്നാൽ റഷ്യയുടെയും മററും മറുപടി കിട്ടാത്തതിനാൽ മാത്രം കാലതാമസം നേരിടുന്നതാണെന്നും ബ്രിട്ടൻ പ്രസ്താവിക്കുന്നു. ഏതായാലും മദ്ധ്യപൂർവ്വരാജ്യങ്ങളിലെ എണ്ണ മററൊരു മഹായുദ്ധത്തിന് കാരണമാകാതിരിക്കട്ടെ എന്ന് ആശിക്കുകമാത്രമേ ഇപ്പോൾ നിർവ്വാഹമുള്ളൂ.

മെയ് 29-ാംനു- വൈകീട്ട് 7 മണിക്ക് അല്പം മുമ്പാണ് സിറിയയിലെ അനിഷ്ടസംഭവങ്ങൾ ആരംഭിച്ചതു്. ഫ്രഞ്ചുസൈന്യത്തിൽനിന്ന് ഒരു സിറിയൻ ഭടൻ ഓടിപ്പോയെന്നും, അയാളെപ്പിടിക്കുവാൻ സൈനികാധികൃതന്മാർ വന്നപ്പോൾ അയാൾ ജനക്കൂട്ടത്തിന്റെ ഇടയിൽകയറി രക്ഷപ്പെട്ടുവെന്നും, അതിനെത്തുടർന്ന് പ്രക്ഷുബ്ധരായ ഫ്രഞ്ചുഭടന്മാർ ജനക്കൂട്ടത്തിന്റെനേരെ വെടിയുതിർത്തുവെന്നും ആണ് ഒരു ലേഖകൻ റിപ്പോർട്ടു ചെയ്യുന്നതു്. പല സൈനികോപകരണങ്ങളാൽ സിറിയൻ വിപ്ലവകാരികളെ അമർത്തുവാൻ ഫ്രഞ്ച് അധികൃതന്മാർ ശ്രമിച്ചു. സിറിയൻ ജനതയുടെമേൽ ബോമ്പു വർഷിക്കുവാൻപോലും അവർ മടിച്ചില്ല. ഫ്രഞ്ചുസൈന്യം സിറിയൻ പാർലിമെൻറുമന്ദിരമുൾപ്പെടെ പല സ്ഥാനങ്ങളും കൈവശപ്പെടുത്തി.

കമ്പിമൂലമായും റേഡിയോമാർഗ്ഗമായും സിറിയൻ ബഹളത്തെക്കുറിച്ചുള്ള വാർത്ത ലോകത്തിന്റെ നാനാഭാഗത്തും അറിയിക്കപ്പെട്ടു. മഹാരാഷ്ട്രങ്ങളെല്ലാം സിറിയൻ സംഭവവികാസത്തിൽ ഉൽക്കണ്ഠാഭരിതരായി.

ജപ്പ്സമരരംഗത്തിലേക്കുള്ള ഗതാഗതമാർഗ്ഗത്തിൽ സ്ഥിതിചെയ്യുന്ന മദ്ധ്യപൌരസ്ത്യപ്രദേശത്ത് ലവാൻറ് രാജ്യങ്ങളും ഫ്രഞ്ചുസൈന്യങ്ങളും തമ്മിൽ സംഘട്ടനത്തിലേർപ്പെട്ടിരിക്കയാൽ, കൂടുതൽ രക്തച്ചൊരിച്ചിലുണ്ടാകാതിരിക്കുവാൻ തക്കവണ്ണം പ്രസ്തുത കാര്യത്തിൽ ഇടപെടണമെന്ന് മദ്ധ്യപൌരസ്ത്യപ്രദേശത്തെ ബ്രിട്ടീഷ്സൈന്യാധിപനോട് ആജ്ഞാപിച്ചിരിക്കുന്നുവെന്നും, ഫ്രഞ്ചുസൈന്യവും ബ്രിട്ടീഷ്സൈന്യവും തമ്മിൽ സംഘട്ടനമുണ്ടാകാതിരിക്കുവാൻ വേണ്ടി ഉടൻതന്നെ വെടിവെപ്പുനിർത്തുവാൻ ഫ്രഞ്ചുസൈന്യങ്ങൾക്ക് ഉത്തരവു നൽകണമെന്നും ബ്രിട്ടീഷ് പ്രധാനമന്ത്രി മി. ചർച്ചിൽ ജനറൽ ഡിഗോളിന്റെ പേർക്ക് മെയ് 31-ാംനു- ഒരു സന്ദേശമയച്ചു. മദ്ധ്യപൌരസ്ത്യപ്രദേശത്തെ രാഷ്ട്രീയ സംഭവവികാസങ്ങളിൽ ഏററവും പ്രാധാന്യമർഹിക്കുന്നതും വിദൂരവ്യാപകഫലമുള്ളതും ആയ ഒരു താന്ത്രികനടപടിയായിരുന്നു അതു്.

മി. ചർച്ചിലിന്റെ സന്ദേശം ലഭിക്കുന്നതിനുമുമ്പുതന്നെ വെടിവെപ്പു നിർത്തുവാൻ താൻ ഉത്തരവിട്ടുകഴിഞ്ഞിരുന്നുവെന്നാണ് ഉടൻതന്നെ ഡിഗോളിൽനിന്നു പുറപ്പെട്ട മറുപടി. അന്ന് ഡിഗോൾ പ്രക്ഷുബ്ധമായ ഒരു പ്രസ്താവനയും നൽകുകയുണ്ടായി. ബ്രിട്ടൻ അനാവശ്യമായി ലവാൻറകാര്യത്തിൽ ഇടപെടുകയാണെന്നും, ഫ്രാൻസിന്റെ നേരെ ലവാൻറ് രാജ്യങ്ങൾക്കുള്ള വിരോധം ബ്രിട്ടനാൽ പ്രേരിതമായിട്ടുള്ളതാണെന്നുമുള്ള ഗൌരവാവഹമായ ആക്ഷേപങ്ങൾ അദ്ദേഹത്തിന്റെ പ്രസ്താവനയിൽ അടങ്ങിയിരുന്നു.

ബ്രിട്ടനും അമേരിക്കയും ലവാൻറിൽ അനുഭവിച്ചുപോരുന്നതുപോലെയുള്ള സൗകര്യങ്ങൾ ഫ്രാൻസിനു വേണമെന്നും, സിറിയയിലെ സാംസ്കാരികവും സാമ്പത്തികവുമായ താല്പര്യങ്ങളെ വിഗണിക്കുവാൻ ഫ്രാൻസിന് സാധ്യമല്ലെന്നും മാത്രമേ ഫ്രാൻസു പറയുന്നുള്ളൂ. ഈ അഭിപ്രായം ഫ്രഞ്ചുഡലിഗേററ് ജനറൽ മെയ് 8-ാംനു- സിറിയയെയും ലെബനാനെയും അറിയിച്ചുവെന്നും, പ്രസ്തുത ആവശ്യങ്ങളെ ഉടനടി നിരാകരിക്കപ്പെടുകയാണുണ്ടായതെന്നും ഡിഗോൾ വ്യക്തമാക്കി.

ബ്രിട്ടീഷുകാർ ലവാൻറിൽ ചെയ്യുന്ന സമാധാനപരിശ്രമങ്ങളോടു അനുകൂലിച്ചു പ്രവർത്തിക്കണമെന്നു അമേരിക്കൻ ഗവൺമെൻറ് സ്വന്തപ്രതിനിധികൾക്കു നിർദ്ദേശങ്ങൾ നൽകി. രക്തച്ചൊരിച്ചിൽ തടയുവാൻ കഴിയുന്നത്ര ശ്രമിക്കുന്നതാണെന്ന് അമേരിക്കൻ ആക്ടിങ്ങ്സെക്രട്ടറി മി. ജോസഫ്ഗ്രൂ പ്രസ്താവിച്ചു.

സിറിയയിൽ ഉണ്ടായ സംഭവങ്ങളെക്കുറിച്ച് എല്ലാവരും ഫ്രാൻസിനെ കുററപ്പെടുത്തുന്നു. എന്നാൽ സാമ്രാജ്യം സ്ഥാപിക്കുവാൻ ശ്രമിച്ചിട്ടുള്ള എല്ലാ രാജ്യങ്ങളും ഇതുപോലെയുള്ള പ്രവൃത്തികളാണ് ചെയ്തിട്ടുള്ളതു. 1915-ൽതന്നെ അറബിജനതക്കു സ്വാതന്ത്ര്യം നൽകാമെന്ന് ബ്രിട്ടീഷ്ഗവൺമെൻറ് വാഗ്ദാനം ചെയ്തിരുന്നു. ആ വാഗ്ദാനങ്ങൾ എവിടെപ്പോയി? മററുള്ളവരെ കുററപ്പെടുത്തുവാനുള്ള അവകാശവും ബ്രിട്ടന് അതിനോടുകൂടി നഷ്ടപ്പെട്ടു.

സഖ്യപക്ഷീയർ സിറിയയെ സ്വതന്ത്രമാക്കുന്നതിനുമുമ്പ് 1941 മെയ് 22-ാംനു- സിറിയയിൽ അല്പംപോലും സ്ഥലം കൈവശപ്പെടുത്തണമെന്ന് ബ്രിട്ടന് ആഗ്രഹമില്ലെന്ന് മി. ഈഡൻ പ്രസ്താവിച്ചു. 1941 ജൂൺ 10-ാംനു-യും, 15-ാംനു-യും ചർച്ചിൽ മി. ഈഡന്റെ അഭിപ്രായത്തെ ഊന്നിപ്പറയുകയുണ്ടായി. ജൂൺ 14-ാംനു- ആയിരുന്നു സിറിയയിലെ ജർമ്മൻശല്യം അവസാനിച്ചതു്. അതേ സമയം 1941 ജൂൺ 8-ാംനു- സിറിയയിലും ലെബനാനിലും ഫ്രഞ്ചുസൈന്യങ്ങൾ പ്രവേശിച്ചപ്പോൾ, "ഫ്രാൻസിന്റെ പുത്രന്മാരുടെ ശബ്ദത്താലെ നിങ്ങൾക്കു സ്വാതന്ത്ര്യം പ്രഖ്യാപനം

ചെയ്യിരിക്കുന്നു"വെന്ന് ജനറൽ കാട്രൂക്ക്സ് പ്രസ്താവിച്ചു. അതു കഴിഞ്ഞ് അതേവർഷം സെപ്റ്റംബർ 9-ാംനു- മി. ചർച്ചിലിന്റെ ഒരു പ്രഖ്യാപനത്തിൽ സിറിയൻ സ്വാതന്ത്ര്യത്തെക്കുറിച്ച് സ്പഷ്ടമായി പറയുകയുണ്ടായി:- "സിറിയ സിറിയക്കാരുടെ കൈകളിൽ വിട്ടുകൊടുക്കണമെന്നുള്ളതാണ് നമ്മുടെ നയമെന്ന് ഞാൻ വ്യക്തമാക്കിക്കൊള്ളട്ടെ. അവർ സ്വതന്ത്രമായ അധീശാധികാരം എത്രയുംവേഗം അവലംബിച്ചുകൊള്ളും. നമ്മുടെ സ്വതന്ത്ര ഐക്യ സഖ്യകക്ഷിയും അതിനെ അനുകൂലിക്കുന്നു." മി. ചർച്ചിൽ പല അവസരങ്ങളിലായി ബ്രിട്ടന്റെ സിറിയൻ നയത്തെ വെളിവാക്കിയിട്ടുണ്ടെങ്കിലും, പരസ്പര വിരുദ്ധമായ രണ്ടു വാദങ്ങളെ ഒരേസമയത്ത് എങ്ങനെ നിറവേററുമെന്ന് മനസ്സിലാക്കുവാൻ പ്രയാസമാണ്. ഫ്രാൻസിന് സിറിയയിലുള്ള താല്പര്യങ്ങളെ രക്ഷിക്കേണ്ടതാണ്. അതേസമയം സിറിയക്ക് സ്വാതന്ത്ര്യം നൽകേണ്ടതുമാണ്. മേൽ പ്രസ്താവിച്ച രണ്ടു കത്തവ്യങ്ങളിൽ ഏതാണ് നിറവേററുന്നതെന്ന് കണ്ടറിയേണ്ടിയിരിക്കുന്നു.

ഭാരതീയരുടെയിടയിൽ സുപ്രസിദ്ധനായ വില്യം ഫിലിപ്പ് ലവാന്റ് പ്രശ്നത്തെക്കുറിച്ച് ഒരു പ്രസംഗത്തിൽ ചില സൂചനകൾ നല്കുകയുണ്ടായി. തങ്ങളുടെ സ്വാതന്ത്ര്യത്തിനും ലോകസംഭവഗതികളിൽ ഉചിതമായഭാഗം വഹിക്കുന്നതിനും വേണ്ടിയാണ് അറബിരാഷ്ട്രങ്ങൾ ഒന്നാം ലോകമഹായുദ്ധത്തിൽ ചേർന്നത്. അതേ ഉദ്ദേശത്തോടുകൂടിയാണ് അവർ അറബിലീഗ് സ്ഥാപിച്ചത്............സിറിയയിലെയും ലബനോനിലെയും സംഭവങ്ങളെ ഐക്യരാഷ്ട്രങ്ങൾക്ക് വിഗണിച്ചുകൂടാ" എന്നാണ് ഈറാക്ക് റീജന്റിന്റെ ബഹുമാനാർത്ഥം നടത്തിയ വിരുന്നുസല്ക്കാരവേളയിൽ മി. ഫിലിപ്പ് പ്രസ്താവിച്ചത്.

കഴിഞ്ഞ ഏപ്രിൽ 22-ാംനു-യാണ് അറബിലീഗ് ലോകരാഷ്ട്രങ്ങളുടെയിടയിൽ ഒരു പരമാർത്ഥമായി ഭവിച്ചത്. അറബിരാഷ്ട്രങ്ങളുടെ ഭാവിയെ നിർണ്ണയിക്കുന്ന വിസ്തൃതവ്യാപകമായ പദ്ധതികൾ നിർമ്മിക്കുവാൻ ലീഗ് ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ഇത്ര വേഗത്തിൽ സർവ്വരാജ്യപ്രാധാന്യമർഹിക്കുന്ന ഒരു ലവാന്റ് പ്രശ്നം ഉത്ഭവിക്കുമെന്ന് അറബിനേതാക്കൾ വിചാരിച്ചിരുന്നില്ല. അറബി ലീഗ് സുസംഘടിതമായ ഒരു ഭരണസ്ഥാപനമെന്ന നിലയിൽ പ്രവർത്തിച്ചുതുടങ്ങിയിട്ടില്ലെങ്കിലും, ലവാന്റ് പ്രശ്നത്തെക്കുറിച്ചുള്ള നടപടി യാതൊരു കാരണത്താലും നീട്ടിവെയ്ക്കുവാൻ പാടില്ലാതായിത്തീർന്നിരിക്കുന്നു. ലവാന്റ് രാജ്യങ്ങളുടെ സ്വാതന്ത്ര്യാഭിലാഷവും, ബ്രിട്ടന്റെ നയോപായ ചതുരതയും, അമേരിക്കയുടെ വിട്ടുവീഴ്ചാസാമർത്ഥ്യവും, റഷ്യയുടെ പുതിയ എണ്ണക്കൊതിയും, ഫ്രാൻസിന്റെ സാമ്രാജ്യതാല്പര്യങ്ങളും തമ്മിൽ നടക്കുന്ന വടംവലി ചെറിയ രാഷ്ട്രങ്ങളുടെയും വലിയ രാഷ്ട്രങ്ങളുടെയും ഭാവിയെ സംബന്ധിച്ച് ഒരു നിർണ്ണായകസംഭവമായിത്തീരുമെന്നുള്ളതിന് സംശയമില്ല.

Visit 'BADSHASTORES' Calicut.

THE BEST SHOPPING CENTRE ON WEST COAST
For almost anything & everything
up-to-date in PIECE GOODS
and FANCY ARTICLES.
Prices Defy competition.

കോഴിക്കോട്
'ബാദ്ഷാസ്റ്റോർസ്സിൽ'
എല്ലാതരം തുണിച്ചരക്കുകളും മററു സാധനങ്ങളും വളരെ ആദായത്തിൽ കിട്ടുന്നതാണ്.

S. H. BADSHA SAHEB & CO.,
HUZUR ROAD,
CALICUT.

Our pupular publication at a glance

THE CORONATION ENGLISH READERS

Edited by **J. C. ROLLO, M. A.**

Primer : As. 0 6 3 Book I: As. 0 7 8

Book II : „ 0 10 0 Book III : „ 0 12 6

Book IV: As. 0 15 0

There are many Readers in the filed but we feel that this set is in refreshing contrast with almost all of them —*South Indian Teacher*

THE CORONATION ENGLISH GRAMMAR AND COMPOSITION FOR MIDDLE SCHOOLS

Edited by **R. PATRICK, M. A.**

Book I: As. 0 7 6 Book II: As. 0 11 3 Book III: As. 0 15 0

The treatment of subject-matter is very well graded and the three books can very conveniently be followed in this Presidency (Bombay) in the III, IV, and V Standards in the Secondary Schools. —*Karnatak Journal of Education*

THE CORONATION HIGH SCHOOL ENGLISH GRAMMAR AND COMPOSITION

Edited by **W. G. EAGLETION, M A. (Cantab.)**

There is no better Grammar and Composition book than Mr. Eagleton's—J. C. ROLLO, M. A.
A very useful and valuable book for use in the High Schools,—A. B. MACKINTOSH, M. A.

THE CORONATION ENGLISH SELECTIONS

Edited by **J. F. THADDAEUS, B. A., L. T.**

Junior (Form IV); As. 0 15 0 Senior (Form V): Re. 1 3 0

In preparing these books, selection is carefully made with a view to present the original writings as far as possible. Short biographical sketches are given in the beginning of each passage and at its end are given notes and exercises in grammar, which are well graded —*Karnatak School World*

SENIOR READINGS IN ENGLISH

Edited by—**J. F. THADDAEUS, B. A., L. T.**

Principal, Malabar Christian College, Calicut.

For Form V. **Price Re. 1—2—0**

This new series of Reading in English for High School classes has been prepared keeping in view the suggestions of Teachers of English who have used our Coronation English Selections edited by the same author. This selection for the use of V Form is the outcome after careful consideration. Writings from such popular writers as Mahatma Gandhi, Pandit Jawaharlal Nehru, C. F. Andrews, Mrs. Krishna Hatheesingh, F. G. Pearce, Rev. Ryburn have been included, to make the book more modern and popular.

THE NEW ERA STORY POEMS

Edited by **J. F. THADDAEUS, B. A., L. T.**

Re. 1 1 6

The special features of the New Era Story Poems are the Notes at the end of every piece, the hints and suggestions regarding paragraphing and subject-matter and the questions intended to elicit the contents of the piece. —*The Hindu*

Our Supplementary Reading Books for Class & Library use

THE NEW ERA STORY BOOKS Book I: As. 0 3 9
Book II: As. 0 5 0
By Mrs. C. Gordon, B. Ed. (Edin) Book III: As. 0 7 6

CHANDRAHASA
Edited by J. C. Rollo, M. A. (For Form III or IV) As. 6

MASTERMAN READY (Abridged and Retold
Edited by T. R. H. Peck, M. A. (For Form IV or V) As. 12

STORIES FROM TENNYSON'S IDYLLS OF THE KING
Edited by T. R. H. Peck, M. A. (For Form V) As. 10

SANDFORD AND MERTON (Abridged and Retold)
By Thomas Day) (For Form IV) As. 8

B. G. PAUL & Co.—Publishers
4, Francis Joseph Street, G. T., Madras

മദ്ധ്യധരണ്യാഴിയിൽക്കൂടെയുള്ള ഗതാഗതത്തെപ്പററിയ മുൻകരുതൽ

എ. ജി. മേനോൻ, (അമിസ്ര്യ) പാലക്കാട്

പഴയകാലത്ത് ഇംഗ്ലണ്ടിൽനിന്ന ഇന്ത്യയിലേക്ക് എത്തിച്ചേരുന്നതിന്നുപയോഗപ്പെടുത്തി വന്നിരുന്നവഴി "ഗുഡ്ഹോപ്പ്" മുനമ്പ് കടന്നിട്ടുള്ളതായിരുന്നവെന്ന അറിയാത്തതല്ലല്ലോ.

ഈവഴിക്ക് ഇംഗ്ലണ്ടും ഇന്ത്യയുമായുള്ള ഗതാഗതം കാലതാമസത്തിന്നിടയാക്കിത്തീരുന്നതിലാണ് മദ്ധ്യധരണ്യാഴിമാർഗ്ഗം ഉപയുക്തമാക്കിത്തീർത്തത്. യുദ്ധാരംഭത്തിന്നശേഷം പ്രസ്തുതമാർഗ്ഗം യാത്രക്കുപററിയതല്ലെന്ന ഗവൎമ്മെണ്ടിന്ന മനസ്സിലായതിനാൽ പഴയപടി "ഗുഡ്ഹോപ്പി"നെ ചുററിക്കൊണ്ടുവരുവാൻ തന്നെ തീരുമാനിച്ചു. വഴിയുടെ ദീൎഘത്തെക്കാൾ സൌകൎയ്യത്തെയാണ് ഓൎത്തത്. കപ്പൽ നിൎത്തുന്നതിന്നും കൽക്കരി നിറക്കുന്നതിന്നും കപ്പലിലെ കേടുപാടുകൾ തീൎക്കുന്നതിന്നും ഈ മുനമ്പിന്റെ കരയോരം സൌകൎയ്യപ്പെട്ടതാണ്. സിറാലിയോൺ, കേപ്പ്ടൌൺ, എന്നീ പ്രദേശങ്ങളുമിതിലേക്ക് ഉപകാരപ്രദമാക്കീട്ടുള്ളതു്.

ഇന്ത്യയും ഇതരപൂൎവ്വരാജ്യങ്ങളുമായി "വ്യാപാരപരമായും മററുമുള്ള നടവടികൾ ഈ വഴിക്കു നടത്തുന്നതിനെ തടസ്സപ്പെടുത്തുന്നതു് അന്യരാൽ അത്ര സാദ്ധ്യമല്ലതന്നെ. ഇവിടെ നാവികസങ്കേതം, വിമാനസങ്കേതം, മുതലായ്ക്ക് സ്ഥാപിച്ചിട്ടുണ്ട്. പരീക്ഷണത്തിന്നായ്ക്കൊണ്ട് ഒന്നുരണ്ട കുതിരപ്പടയെയും നിൎത്തീട്ടുണ്ട്. ഇററലിയും അബിസീനിയയും തമ്മിൽ യുദ്ധം ഇടഞ്ഞതോടുകൂടിയാണ് ഇതിനുള്ള ശ്രമം തുടങ്ങിയതു്.

ഇററലിയുടെ അന്നത്തെ നിലയും യുദ്ധഗതിയും നോക്കി മദ്ധ്യധരണ്യാഴിവഴി ഇന്ത്യയുമായുള്ള ഗതാഗതം സുരക്ഷിതമായിരിക്കയില്ലെന്ന തീൎച്ചപ്പെടുത്തി. ആപൽസംഭവങ്ങളെ തടയേണ്ട കൎത്തവ്യത്തെ ബ്രിട്ടീഷുകാർ മുൻകൂട്ടി ധരിച്ചിട്ടുണ്ടെന്ന ഇവിടെ പ്രസ്താവിക്കുന്ന സംഗതികൾ വ്യക്തമാക്കുന്നതാണ്.

മദ്ധ്യധരണിക്കടലിലേക്ക് രണ്ട പ്രവേശദ്വാരങ്ങളാണുള്ളത് എന്ന് ഭൂമിശാസ്ത്രം പഠിച്ചിട്ടുള്ളവൎക്ക് അറിയാം. പശ്ചിമദ്വാരം "ജിബ്രാൾട്ടർ" കടലിടുക്കിനാലും പൂൎവ്വദ്വാരം "സൂയസ്" തോടിനാലും സംഘടിപ്പിച്ചുകൊണ്ടാണിരിക്കുന്നതു്. ഈ രണ്ട കാവൽപ്പുരകളും ബ്രിട്ടന്റെ കൈയിൽ നിന്നൊഴിഞ്ഞിട്ടേയില്ല. ഇതിന്റെ രക്ഷയ്ക്കു് ആഴിയുടെ നടുവിലായി സ്ഥിതി ചെയ്യുന്ന "മാൾട്ട", "സൈപ്രസ്" എന്നീ ദ്വീപുകളുണ്ട്. ഈ രണ്ട ദ്വീപുകളിലും മാനുഷികമായ ആഗന്തുക സംഭവങ്ങളെ തടയുന്നതിന്നാവശ്യമായ സൈന്യങ്ങളെ സൎവ്വയുദ്ധസാമഗ്രികളോടുംകൂടി നിൎത്തീട്ടുണ്ട്.

ജിബ്രാൾട്ടറിലുള്ള പാറകളുടെ നില്പ് ജനരക്ഷക്ക് പററിയതാണ്. ഇവയെ ഭേദിച്ചുതീൎക്കുകയെന്നത്, ശത്രുക്കൾക്ക്, അത്ര എളുപ്പമല്ല. എന്നാൽ ആകാശാക്രമണം നേരിടുന്നതായാൽ കഷ്ടനഷ്ടങ്ങൾ ഉണ്ടാകാതിരിക്കയുമില്ല. വലിയതരം കപ്പൽ നിറുത്തുന്നതിന്ന കടൽക്കരക്ക് വീതിപോരാ. എന്നുതന്നെയുമല്ല, കപ്പൽവേലക്കാൎക്ക് വസിക്കുവാൻ കൊള്ളാവുന്ന സ്ഥലവുമല്ലതു്.

ഇതിന്നടുത്തായുള്ള "മാൾട്ട" ദ്വീപ് ആരോഗ്യത്തിന്നും സുഖവാസത്തിന്നും പററിയതാണെങ്കിലും രക്ഷനല്കുന്നതല്ല. ഇതിന്ന ഇററലിക്കധീനമായ "സിസിലി" ദ്വീപിനോടടുപ്പമുള്ളതിനാൽ ആകാശാക്രമണത്തെ ഭയപ്പെട്ടിരിക്കേണ്ടിവന്നു. അതുണ്ടു് 'മാൾട്ട—ജിബ്രാൾട്ടർ' തുറമുഖങ്ങളിൽ ചെലവുചെയ്യുന്നസംഖ്യ ദുരുപയോഗമാകയില്ലയോ എന്ന ചിന്തിക്കേണ്ടിയിരുന്നതു്.

ഇപ്രകാരമൊരവസ്ഥയല്ല പൂൎവ്വദ്വാരത്തെ സൂയസ്സിലേതു്. ഇവിടെ ആക്രമണത്തെ ചെറുക്കുവാൻ വേണ്ടതെല്ലാം ഏൎപ്പെടുത്തുന്നതിന്ന സൌകൎയ്യമുണ്ട്. അതനുസരിച്ച് പ്രവൎത്തിച്ചിട്ടുമുണ്ട്. 'ഈജിപ്പ്റ്റ്'മാത്രം 'സൂയസ്സി'ന്റെ കാവലിന്ന സഹായിക്കുന്നതാണ്. സമാധാനകാലത്തുപോലും 'സൂയസ്സ്' തോടിന്റെ പാൎശ്വത്തിൽ 10,000, എണ്ണമുള്ള ഒരു സൈന്യത്തെ നിൎത്തുന്നതിന്ന ഈജിപ്പ്റ്റ് അനുവദിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ കൂടുതൽ സൈന്യത്തെ ബ്രിട്ടന്ന് അയക്കാവുന്നതുമാണ്.

കഴിഞ്ഞതവണ അവിടേക്കയച്ചിരുന്ന സേനാവിഭാഗങ്ങൾ ഇതിനെ വ്യക്തമാക്കുന്നുണ്ടല്ലോ. ഇള

കൂടാതെ സഖ്യകക്ഷികളെ സഹായിക്കാനായെല്ലാണ്ടു തുർക്കി, ഈജിപ്ത്, സിറിയൻ ഫ്രഞ്ച്, എന്നിവരും തയ്യാറാണ്.

മദ്ധ്യതരണിയിൽനിന്നു അധികം വിദൂരമല്ലാത്ത കിഴക്കാണ് ബ്രിട്ടന്റെ 'സൈപ്രസ്' ദ്വീപ് കിടക്കുന്നത്. ഇവിടത്തെ കോട്ട, ഇതിന്റെ കിടപ്പ് മുതലായത് പ്രതിരോധത്തിനു 'മാൾട്ട'യിലേക്കാൾ സൌകര്യമുള്ളതാണെന്നാണഭിപ്രായപ്പെട്ടുകാണുന്നത്. വൈമാനിക-വിമാനനിർമ്മാണശാലകൾ സ്ഥാപിപ്പാനുള്ള സൌകര്യം ആ വക സംഗതികളിൽ ബ്രിട്ടനെ വേണ്ടത്ര ശ്രദ്ധിപ്പിച്ചിട്ടുണ്ട്. ഇവിടെയുള്ള 'ഫാമഗുസ്ത' ഉൾക്കടലിനു വിസ്തീർണ്ണവും വേണ്ടത്രയുള്ളതിനാൽ വൻകിട കപ്പലുകൾ നിൽക്കാവുന്നതാണ്. ഉള്ളിലോട്ടു തള്ളീട്ട് 'അക്രോസ്റ്റിസി' എന്ന ഒരു വലിയ തടാകമുണ്ട്. വെള്ളത്തിൻമീതെ ഓടിക്കാവുന്ന മോട്ടോർ ബോട്ടുകളുടെ സൂക്ഷിപ്പിന്നായെല്ലാമിതിനെ ഉപയോഗപ്പെടുത്തിട്ടുണ്ട്. എന്നുതന്നെയല്ല സൈപ്രസ്സിനും സൂയസ്സിനും തമ്മിൽ 300 നാഴിക അകലമേയുള്ളൂ. 'ഹൈഫ'യുടെ അതിർത്തിക്ക് തൊട്ടുമാകുന്നു.

പ്രസ്തുത സ്ഥലം, ഫസ്റ്റ് ലോഡ് ഓഫ്' അഡ്മിറാലിറ്റി ആയിരുന്ന സാമുവൽഹോർ 1936-ൽ സന്ദർശിച്ചപ്പോൾ അതിന്റെ പ്രാധാന്യത്തെ മനസ്സിലാക്കീട്ട്, "ഇതുതന്നെയാകുന്നു നവീന ജിബ്രാൾട്ടർ സ്ഥാപിപ്പാൻ പറ്റിയ സ്ഥലം" എന്ന് പ്രസ്താവിച്ചതായറിയുന്നു. വലിയ ഒരു സംഖ്യ ഇവിടത്തെ ചെലവുകൾക്കായി—മൂന്നുകോടി പവനാണെന്നു തോന്നുന്നു—ഗവൺമെണ്ടിനെക്കൊണ്ട് അനുവദിപ്പിക്കയും ചെയ്തു.

മദ്ധ്യധരണ്യാഴിയിലെ കിഴക്കൻ പ്രവേശദ്വാരം ഒരവസരത്തിൽ ഉപയോഗിപ്പാൻ സൌകര്യപ്പെടാതെയായാലോ എന്നു ശങ്കിച്ചാണ് പഴയ കച്ചവടവഴിയായ "കേപ്പ് ഓഫ് ഗുഡ്ഹോപ്പി"നെ വീണ്ടും ഉപയോഗപ്പെടുത്തിയത്. നവീകരിച്ച കപ്പലുകൾ നിർത്തുക, അവയുടെ കേടുപാടുകൾ തീർക്കുക, കല്ക്കരി ശേഖരിച്ച് കപ്പലാവശ്യം നിർവ്വഹിക്കുക മുതലായതിന്ന് ഇവിടെ ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

കേപ്പ്ടൌണിലും സീമോലിയോണിലും ആണു ഇതിനുള്ള ഏർപ്പാടുകൾ ചെയ്തിരിക്കുന്നത്.

ബ്രിട്ടന്റെ, ഈ പന്ഥാവിൽക്കൂടിയുള്ള ഗതാഗതത്തെ തടയുന്നതിന്നു ഒരുത്തരാലും സാദ്ധ്യപ്പെടുന്നതല്ലെന്നു ഇന്നത്തെ യുദ്ധം സാക്ഷ്യപ്പെടുത്തിക്കഴിഞ്ഞു.

മോസ്സൂൽ എണ്ണ ഹൈഫയിൽക്കൂടെ കൊണ്ടുവരുന്നതിന്നു സാധിച്ചില്ലെങ്കിൽ "പേർഷ്യൻ ഗൾഫി"ലേക്ക് കൊണ്ടുചെല്ലാവുന്നതും അവിടെനിന്നു ആയതിനെ എണ്ണവണ്ടികളിൽ നിറച്ചു 'ഗുഡ്ഹോപ്പ്' മുനമ്പിനെച്ചുറ്റി പുറം രാജ്യങ്ങളിലേക്ക്—ചെങ്കടൽ സൂയസ്തോട്, മദ്ധ്യധരണ്യാഴി, എന്നിവ കടക്കാതെ—എത്തിക്കാവുന്നതുമാകുന്നു.

ബ്രിട്ടന്റെ ക്രാന്തനിരീക്ഷണമാകുന്നു ഈ സമസ്തലോക യുദ്ധത്തിൽ ഇച്ഛിതമായ വിജയം നേടുവാനിടയാക്കിയതെന്നു പ്രത്യേകം പ്രസ്താവ്യമാണ്.

"ഗുഡ്ഹോപ്പ്" മുനമ്പ് തെക്കൻ ആഫ്രിക്കയിലെ പുരാതന സംസ്ഥാനമാണ്. ഇതിന്റെ വിസ്തീർണം 276,696, ചതുരശ്രനാഴികയത്രെ. ഡയസിൻ എന്ന കടൽസഞ്ചാരിയാൽ 1486-ൽ കണ്ടുപിടിക്കപ്പെട്ടതാണിസ്ഥലം; അക്കാലത്തെ പേര് കെയിപ്പോഫ്സ്റ്റോം എന്നായിരുന്നുപോൽ. ഉന്തിനില്ക്കുന്ന മലകളുടെ ശിഖരത്തിന് 1000 അടി പൊക്കംകാണും.

"ഗുഡ്ഹോപ്പ്" സംസ്ഥാനത്തിന്റെ തലസ്ഥാനമായ "കേപ്പ്ടൌൺ" (Cape Town) കടലോരത്തുനിന്നു 30 നാഴിക ഉള്ളോട്ടു മാറീട്ടാണ് സ്ഥിതി ചെയ്യുന്നതു്. ഈ സംസ്ഥാനത്തിലെ ജനസംഖ്യ—യുദ്ധത്തിനുമുമ്പ്—6,51,554 ആയിരുന്നു. ഇതിനോടു ബന്ധപ്പെട്ടുനില്ക്കുന്ന ഇതരപ്രവിശ്യകൾ ഈസ്റ്റ് ഗ്രിക്കാലാൻഡ്, ബിചുവാനാലാൻഡ്, വാലംഷിഫ്ബെ എന്നിവകളാകുന്നു. മൊത്തം ഇവിടങ്ങളിലെ ജനസംഖ്യ യുദ്ധത്തിനുമുമ്പ് 25,64,965 ആണ്.

ബാലപംക്തി

മുസൽമാന്റെ കർത്തവ്യം

(തൂലിക)

പ്രിയപ്പെട്ട ബാലികാബാലന്മാരെ!

മുസ്ലിംസമുദായത്തിൽ പേരും പെരുമയും സമാർജ്ജിച്ച ഒരു 'ഫക്കീറി'ന്റെ കഥയാണ് ഇന്നു തൂലിക നിങ്ങളോടു പറയാൻ വിചാരിക്കുന്നത്. ആദിമമുസ്ലിംകൾ എന്തു തരക്കാരായിരുന്നുവെന്നും അവരുടെ കർത്തവ്യബോധം എത്ര ഉൽകൃഷ്ടമായിരുന്നുവെന്നും സാമാന്യമായി നിങ്ങൾക്കതിൽനിന്നു മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

ജൂതന്മാർ ഇന്നു സ്വന്തം ഗേഹമാക്കാൻ ശ്രമിച്ചുവരുന്ന പലസ്തീൻ എന്ന പുണ്യഭൂമിക്കുവേണ്ടി മുസ്ലിംകളും ക്രിസ്ത്യാനികളും തമ്മിൽ നടത്തിയ 'കുരിശുയുദ്ധ'ത്തെപ്പറ്റി നിങ്ങൾ ചരിത്രത്തിൽ വായിച്ചിട്ടുണ്ടാകുമെന്നു വിശ്വസിക്കുന്നു. അവിശ്വാസികളായി ഗണിക്കപ്പെട്ടിരുന്ന മുസ്ലിംകളുടെ കൈയിൽനിന്നു ക്രിസ്തുമതത്തിന്റെ ഉത്ഭവസ്ഥാനമായിരുന്ന ആ പരിശുദ്ധഭൂമി പിടിച്ചെടുക്കാനായി യൂറോപ്പിന്റെ നാനാഭാഗങ്ങളിൽനിന്നും ക്രൈസ്തവഭടന്മാർ കൂട്ടംകൂട്ടമായി വന്നുചേർന്നു. അതൊരു പുണ്യസമരമായി കരുതപ്പെട്ടിരുന്നു. അതിൽ മൃത്യു പ്രാപിക്കുന്നവർ പുണ്യവാളന്മാരുടെ കൂട്ടത്തിൽ എണ്ണപ്പെടുമെന്നും സ്വർഗ്ഗപ്രാപ്തരാകുമെന്നും എല്ലാ ഭക്തന്മാരായ ക്രിസ്ത്യാനികളും വിശ്വസിക്കുകയും ചെയ്തിരുന്നു.

രണ്ടു ധീരാത്മാക്കളാണ് ആ യുദ്ധം നയിച്ചിരുന്നത്; ക്രിസ്ത്യാനികളുടെ ഭാഗത്തു റിച്ചാർഡും മുസ്ലിംകളുടെ ഭാഗത്തു സലാവുദ്ദീനും. ക്രൈസ്തവ സേനയുടെ നേതാവായിരുന്ന റിച്ചാർഡു ഇംഗ്ലണ്ടിലെ രാജാവാണ്. യൂറോപ്യൻ ചരിത്രത്തിൽ അദ്ദേഹത്തെപ്പറ്റി 'സിംഹചിത്തനായ റിച്ചാർഡു'എന്നാണ് പറഞ്ഞുകാണുന്നത്. അദ്ദേഹം തന്റെ ജീവിതത്തിലെ അനേകവർഷങ്ങൾ മുസ്ലിംകളുമായി സമരംചെയ്തു പലസ്തീനിൽ കഴിക്കയുണ്ടായിട്ടുണ്ട്. പല സംഘടനകളുടെയും നായകത്വം നേരിട്ടുവഹിച്ചിട്ടുമുണ്ട്. അനവധി പ്രാവശ്യം മുസ്ലിം കോട്ടയെ തകർക്കാൻ അത്യദ്ധ്വാനം ചെയ്തെങ്കിലും അതെല്ലാം മുസ്ലിംകളുടെ പ്രതിരോധശക്തി നിമിത്തം വിഫലമാവുകയാണുണ്ടായത്. അവസാനം അദ്ദേഹത്തിന്റെ സേനാനികൾ നിരാശരായിത്തീർന്നു. അദ്ദേഹംതന്നെ അനാരോഗ്യം നിമിത്തം രോഗാതുരനായി ഭവിച്ചു. രോഗം വർദ്ധിച്ചുവർദ്ധിച്ചു ഭിഷഗ്വരന്മാർ കൈയൊഴിച്ച സ്ഥിതിയിലായി.

ക്രിസ്ത്യാനികളുടെ കൈകനില വ്യാകുലതയിൽ ആണ്ടിരിക്കുകയായിരുന്നപ്പോൾ ഒരു ദിവസം ഒരു ഫക്കീർ ആ ആംഗില രാജാവിന്റെ കൂടാരവാതില്ക്കൽ വന്നു.

'ആരെവിടെ?' അന്തർഭാഗത്തു നിന്നു ഒരുദ്യോഗസ്ഥൻ ഗർജ്ജിച്ചു 'ആപൽക്കാലത്തുകൂടി ഈ അസത്തുക്കൾ പൊറുതിതരികയില്ലല്ലോ ഈശ്വരാ'

'ആരെയും അകത്തുകടക്കാൻ അനുവദിക്കേണ്ട' മറ്റൊരുദ്യോഗസ്ഥൻ അനുകൂലിച്ചു 'രാജാവിന്റെ സ്ഥിതി ഉൽക്കണ്ഠാജനകമാണ്.'

'പക്ഷേ ആരാണു പുറത്തെന്നു അറിയേണ്ടതു നമ്മുടെ കടമയല്ലേ,' മൂന്നാമതൊരുവൻ അഭിപ്രായപ്പെട്ടു.

അയാൾ പുറത്തുവന്നു നോക്കിയപ്പോൾ പരുത്ത അങ്കിധരിച്ചു ദണ്ഡാവലംബിയായി നില്ക്കുന്ന ഒരു ഫക്കീറിനെയാണു കണ്ടതു്.

'നിനക്കു കണ്ണില്ലേ?,'' ഉദ്യോഗസ്ഥൻ അനിഷ്ടം പ്രദർശിപ്പിച്ചു 'ഇതു രാജാവിന്റെ കൂടാരമാണെന്നു അറിയരുതോ?'

ഫക്കീർ:—,അറിയാം, അതുകൊണ്ട് തന്നെയാണ് ഞാനിവിടെ വന്നതു .

ഉദ്യോഗസ്ഥൻ:—'നിങ്ങൾ എവിടന്നാണ് വരുന്നതു്.'

ഫക്കീർ:—'ഞാനൊരു ഫക്കീറാണ്. ഫക്കീറന്മാർക്ക് പാർപ്പിടമേതു്?'

ഉദ്യോഗസ്ഥൻ:—"എന്നാൽ നിങ്ങളൊരു വൈദ്യനായിരിക്കും, രാജാവിനെ ചികിത്സിച്ചു സുഖപ്പെടുത്താൻ നിങ്ങൾക്കു സാധിക്കുമോ?''

ഫക്കീർ:—'ദൈവാനുഗ്രഹമുണ്ടെങ്കിൽ'

ഉദ്യോഗസ്ഥൻ:—'എന്നാൽ അകത്തേക്കു വരൂ?'

ഫക്കീറ് ആ ഉദ്യോഗസ്ഥനെ അനുഗമിച്ചു. അകത്തു കടന്ന ഉടൻ അദ്ദേഹം രാജാവിന്റെ നാഡിപിടിച്ചുനോക്കി രോഗം മനസ്സിലാക്കി. അനന്തരം അവിടെ കൂടിയിരുന്ന ഉദ്യോഗസ്ഥന്മാരെ അഭിമുഖീകരിച്ചു പറഞ്ഞു:— 'ഞാൻ നിങ്ങളുടെ രാജാവിനെ ചികിത്സിച്ചു അദ്ദേഹത്തിന്റെ സുഖക്കേടു മാററിത്തരാം; പക്ഷെ ഒരു നിബന്ധനയോടുകൂടി. അതായത് യാതൊരാളും ഞാൻ ചെയ്യുന്ന കാൎയ്യങ്ങളിൽ ഇടപെടരുത്.'

ഉദ്യോഗസ്ഥന്മാർ കിംകൎത്തവ്യതാമൂഢരായി അന്യോന്യം നോക്കി. റിച്ചാർഡിനു സംഗതി മനസ്സിലായി. അദ്ദേഹം താണസ്വരത്തിൽ പറഞ്ഞു:— 'കൊള്ളാം, നിങ്ങൾ ശ്രമിച്ചുനോക്കിക്കൊള്ളൂ.'

ഫക്കീർ രാജാവിനെ ചികിത്സിക്കാനാരംഭിച്ചു. അദ്ദേഹം സ്വന്തം കൈകൊണ്ടു മരുന്നുകളുണ്ടാക്കി താൻതന്നെ രാജാവിനു കൊടുത്തുകൊണ്ടിരുന്നു. ഒരാഴ്ചവട്ടം തികയുന്നതിനു മുമ്പായി രാജാവിന്റെ സുഖക്കേടു ഭേദപ്പെടാൻ തുടങ്ങി. ക്ഷീണം മാറി മുഖം പ്രസന്നമായി. ഏതാനും ദിവസങ്ങൾകൂടി കഴിഞ്ഞപ്പോൾ അദ്ദേഹം പൂൎവ്വസ്ഥിതി പ്രാപിച്ചു. ഫക്കീർ തിരിച്ചുപോകാൻ സമ്മതം ചോദിച്ചപ്പോൾ രാജാവു പറഞ്ഞു:— 'താങ്കൾക്ക് ആവശ്യമുള്ളതെന്താണെന്നുവെച്ചാൽ പറഞ്ഞോളൂ, ഞാൻ നിവൃത്തിക്കാനൊരുക്കമാണ്.'

ഫക്കീർ:—'എനിക്കു പ്രതിഫലം ആവശ്യമില്ല. പ്രതിഫലം മോഹിച്ചിട്ടല്ല ഒരു മുസൽമാൻ പരോപകാരം ചെയ്യുന്നത്; ദൈവപ്രീതിയെ മാത്രം ഇച്ഛിച്ചാണ്; അതവന്നു തക്കതായ പ്രതിഫലമത്രെ.'

റിച്ചാർഡ്:—'ഹാ! എത്ര നല്ലൊരാൾ! ദയവിചാരിച്ചു താങ്കളുടെ പേരെന്താണെന്നു പറയാമോ?'

ഫക്കീർ:—'എന്റെ പേരോ?'

റിച്ചാർഡ്:—'അതെ, താങ്കളുടെ പേരുതന്നെ'

ഫക്കീർ:—'അതു താങ്കൾ കേട്ടിട്ടുള്ളതാണ്. ഈജിപ്തിലെയും പലസ്തീനിലെയും രാജാവും ഇസ്ലാമികസൈന്യത്തിന്റെ നായകനുമായ സലാവുദ്ദീന്റെ പേരു താങ്കൾക്കു പരിചയമില്ലയോ?'

സലാവുദ്ദീൻ എന്ന നാമശ്രവണമാത്രയിൽതന്നെ അത്ഭുതത്താൽ റിച്ചാർഡു [illegible] "സലാവുദ്ദീൻ! സലാവുദ്ദീനോ താങ്കൾ" എന്നു ചോദിച്ചു.

സലാവുദ്ദീൻ:—'അത്ഭുതപ്പെടാനൊന്നുമില്ല. ഒരു മുസ്ലിമെന്ന നിലയിൽ ഞാനെന്റെ കൎത്തവ്യം നിൎവ്വഹിച്ചുവെന്നേയുള്ളൂ. മനുഷ്യരെല്ലാം സഹോദരന്മാരാണെന്നും ശത്രുക്കളെപ്പോലും ദീനാവസ്ഥയിൽ സഹായിക്കേണമെന്നുമാണ് ഇസ്ലാംമതം പ്രബോധിക്കുന്നത്. അവശനായ ശത്രുവെ എതിൎക്കുന്നത് അതു കഠിനമായി വെറുക്കുന്നു. താങ്കൾ സുഖക്കേടിലായിരുന്നതുകൊണ്ട് ഞങ്ങൾ കരവാളുകൾ ഉറയിലിട്ട് അടങ്ങിയിരുന്നതാണ്. ഇപ്പോൾ താങ്കൾ സുഖംപ്രാപിച്ചിരിക്കുന്നു. ഇനിയും വേണമെങ്കിൽ രംഗത്തിലിറങ്ങി നമുക്കൊരു കൈ നോക്കിക്കളയാം.'

സലാവുദ്ദീന്റെ സംഭാഷണത്തിന്റെ മാധുൎയ്യമാസ്വദിച്ചു റിച്ചാർഡു മതിമറന്നിരിക്കുന്നതിനിടയിൽ സലാവുദ്ദീൻ മെല്ലെ അവിടെനിന്നു പിൻവാങ്ങി മുസ്ലിംകേമ്പിലേക്കു നടകൊണ്ടു.

പ്രിയപ്പെട്ട കുട്ടികളേ! ഇതൊരു കെട്ടുകഥയല്ല. രസത്തിനുവേണ്ടി ചമച്ചതുമല്ല. ചരിത്രം രേഖപ്പെടുത്തിയിട്ടുള്ള പരമാൎത്ഥം മാത്രമാണ്. ആദിമ മുസ്ലിംകളെ ഉത്തുംഗസ്ഥാനത്തേക്കുയൎത്തിയതു അവരുടെ ഇത്തരം മനോഭാവവും പ്രവൃത്തിയുമാണ്. നിങ്ങളും നിങ്ങളുടെ ശത്രുക്കളോടു ഇങ്ങനെ വൎത്തിക്കാൻ പഠിക്കുന്നതു നന്ന്.

ഇന്നു

എല്ലാവരും സമ്മതിക്കുന്നു, ജാതി മത തൊഴിൽ ഭേദമില്ലാതെ സകലൎക്കും അത്യാവശ്യമാണ് ഇൻഷൂറൻസ് എന്ന്.

അധികവിവരങ്ങൾക്കാവശ്യപ്പെടുക:—

കോച്ചീക്കാർ ബ്രദേർസ്, ലിമിററഡ്,

ദക്ഷിണേന്ത്യക്കുള്ള പ്രധാന ഏജൻറ്മാർ:—

ദി ബോംബെ ലൈഫ് അഷ്യൂറൻസ് കമ്പനി, ലിമിററഡ്.,

പുതിയറ, കോഴിക്കോട്.

(ദക്ഷിണേന്ത്യയിൽ മുഴുക്കെ ബ്രാഞ്ചുകളും ഏജൻസികളും ഉണ്ട്.)

കുറിപ്പുകൾ

അഞ്ചാംവയസ്സിലേക്ക്

“........സമുദായത്തിലെ അഭിജ്ഞന്മാരുടെയും സാമുദായികാവശതകളെ നല്ലപോലെ മനസ്സിലാക്കീട്ടുള്ള നേതാക്കന്മാരുടെയും നിർദ്ദേശങ്ങളടങ്ങിയവയും മററുപ്രകാരത്തിൽ സമുദായോന്നമനത്തിന്ന് സഹായകവുമായ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തി മാപ്പിളമാരുടെ ഇടയിൽ വിജ്ഞാനവും ഉണർവും ഉളവാക്കണമെന്നുള്ള ബോധമാണ് ഞങ്ങളെ ഈ മാസികാപ്രസിദ്ധീകരണത്തിന്ന് ഉദ്യമിപ്പിച്ചിട്ടുള്ള ഒരു സംഗതി. സമുദായത്തെ ബാധിക്കുന്ന എല്ലാവിധ പ്രശ്നങ്ങളെസംബന്ധിച്ചും ജ്ഞാനമുള്ള ആളുകൾക്ക് മാത്രമാണല്ലോ ഫലപ്രദമായ നേതൃത്വം നയിക്കുവാനും തൃപ്തികരമാംവണ്ണം പൊതുജനങ്ങൾക്ക് മാർഗ്ഗദർശനം നൽകുവാനും സാധിക്കുക. അങ്ങിനെ സാധിക്കുന്ന ആളുകൾ സമുദായത്തിൽ കുറേ ഉണ്ടായിത്തീരണമെങ്കിൽ സാമുദായികപ്രശ്നങ്ങളുടെ എല്ലാ വശങ്ങളും ഗ്രഹിപ്പിക്കുവാൻ മതിയായ സാഹിത്യം അവൎക്കു വായനക്കായി കിട്ടിക്കൊണ്ടിരിക്കണം. ഇങ്ങിനെയുള്ള സാഹിത്യം അവൎക്കു സൌകര്യമായനിലയിൽ കിട്ടുവാൻ സാധിപ്പിക്കുന്നതിൽ ഒരു എളിയ പങ്കെങ്കിലും വഹിക്കുവാൻ ഞങ്ങൾക്കു കഴിഞ്ഞെങ്കിൽ ഞങ്ങൾ കൃതാൎത്ഥരായി. സമുദായത്തിന്റെ വിദ്യാഭ്യാസപുരോഗതിക്കായി കുറേ വിവരങ്ങൾ സമുദായമദ്ധ്യെ വിതരണംചെയ്തു എന്ന ഓരോ വൎഷം കഴിയുന്തോറും ഭൂതാവലോകനംചെയ്തു പറയുവാൻ ഞങ്ങൾക്ക് സാധിച്ചെങ്കിൽ ഞങ്ങൾ ധന്യരായി. സമുദായാംഗങ്ങളിൽ സ്വാഭിമാനവും പരിശ്രമശീലവും വളൎത്തുവാൻ ഞങ്ങളുടെ ലേഖനങ്ങൾ അല്പമെങ്കിലും ഉപയോഗപ്പെടുന്നതായാൽ ഞങ്ങളുടെ ശ്രമം വിഫലമായില്ല”

“മാപ്പിളറവ്യൂ’ വിന്റെ ആവിർഭാവത്തിന്റെ ആവശ്യകതയെ പുരസ്കരിച്ചു പ്രഥമലക്കത്തിൽ ഞങ്ങൾ മേൽപ്പറഞ്ഞവിധമാണ് പ്രതിപാദിച്ചിട്ടുള്ളതു്. സമുദായത്തിന്റെ സൎവ്വതോമുഖമായ, വിശിഷ്യ വിദ്യാഭ്യാസപരമായ, പുരോഗതി ആണ് ഞങ്ങളുടെ ലക്ഷ്യമെന്ന ഇതിൽനിന്നും വ്യക്തമാണ്. ഈ വിഷയത്തിൽ, “റവ്യൂ”വിന്റെ ചുരുങ്ങിയ നാലു വൎഷക്കാലത്തെ ജീവിതത്തിൽ അതിന്നെന്തുകണ്ടു സാധിച്ചിട്ടുണ്ടെന്ന തീൎച്ചപ്പെടുത്തേണ്ടതായ ഭാരം വായനക്കാരുടേതാണ്. ഞങ്ങളെ സംബന്ധിച്ചേടത്തോളം ഏതാദൃശപരിശ്രമങ്ങളിൽ, വിശിഷ്യ മുസ്ലിം സ്ത്രീവിദ്യാഭ്യാസവിഷയത്തിൽ കുറച്ചെങ്കിലും സേവനം നൽകുവാൻ സാധിച്ചിട്ടുണ്ടെന്ന് ഞങ്ങൾക്കു കൃതാൎത്ഥതയുണ്ട്.

ഞങ്ങളുടെ കുററങ്ങളേയും കുറവുകളേയുംപററി ഞങ്ങൾക്കുതന്നെ പൂൎണ്ണമായ ബോദ്ധ്യമില്ലാതെയില്ല; അവയുടെ പരിഹരണത്തിന്ന ഒന്നിലധികം സംഗതികൾ ഞങ്ങളുടെ കഴിവുകൾക്കതീതവുമാണ്. ഗവൎമ്മേണ്ടിന്റെ കടലാസ്സു നിയന്ത്രണ ഉത്തരവു പ്രകാരം “റവ്യൂ”വിന്നനുവദിച്ചു കിട്ടിയ കടലാസിന്റെ ക്വോട്ടയുടെ പരിമിതത്വവും ആയതു ഇതുവരേയും ആശാസ്യമാംവണ്ണം പരിഹരിക്കപ്പെട്ടിട്ടില്ലെന്നതും ആണ് ഞങ്ങളിവിടെ പ്രധാനമായും സൂചിപ്പിക്കുന്നതു്. പ്രസ്തുത ഉത്തരവിൽ ഗവൎമ്മേണ്ടു പല വിട്ടുവീഴ്ചകൾ ചെയ്യുവാൻ തുടങ്ങീട്ടുള്ളതിനാൽ, അടുത്ത കാലത്തു “റവ്യൂ” കൂടുതൽ പേജുകളോടുകൂടി പ്രസിദ്ധീകരിക്കുവാൻ സാധിക്കുമെന്ന ഞങ്ങൾ വിശ്വസിക്കുന്നുണ്ട്. മേല്പറഞ്ഞ അവശതയ്ക്കു പുറമെ പ്രസ്സിലെ ചില അസൌകൎയ്യങ്ങളാലും പുതിയൊരു ദിനപത്രത്തിന്റെ നടത്തിപ്പിൽകൂടി ശ്രദ്ധ കുറെ വ്യാപരിപ്പിക്കേണ്ടിവന്നതിനാലും “റവ്യൂ” യഥാവസരം പ്രസിദ്ധപ്പെടുത്തുന്നതിൽ ഞങ്ങൾക്കു കുറെ അമാന്തം വന്നുപോയിട്ടുണ്ട്. ദിനപത്രത്തിന്റെ പ്രസിദ്ധീകരണം “റവ്യൂ”വിന്റെ മേൽപ്രസ്താവിതമായ ഉദ്ദേശം സാധിക്കുന്നതിന് കൂടുതൽ പ്രയോജനകരമാകയാൽ, അതിന്റെ നടത്തിപ്പിൽ ശ്രദ്ധ ചെലുത്തേണ്ടിവന്നതിൽ ഞങ്ങൾ അഭിമാനം കൊള്ളുകതന്നെ ചെയ്യുന്നുവെങ്കിലും, ആയതു വല്ല വിധത്തിലും “റവ്യൂ”വിന്റെ കണിശത്വത്തെ ബാധിച്ചിട്ടുണ്ടെങ്കിൽ ഞങ്ങളുടെ സുഹൃത്തുക്കളുടെ ക്ഷമാപണത്തിന്ന ഞങ്ങൾ അഭ്യൎത്ഥിക്കുകയും ചെയ്തുകൊള്ളുന്നു. ഒന്നുരണ്ടു ലക്കങ്ങൾക്ക് മുമ്പു “റവ്യൂ” അഞ്ചാം വയസ്സിൽ പ്രവേശിക്കുന്നതോടുകൂടി ആയ

ളു പഴയ വലിപ്പത്തിലും കൃത്യമായും നടത്തുവാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നതായി ഞങ്ങൾ പ്രസ്താവിക്കുകയുണ്ടായിട്ടുണ്ട്. എന്നാൽ ഞങ്ങൾ പ്രതീക്ഷിച്ചതിൻവണ്ണം കടലാസ്സ് "കോട്ട"യിൽ ആശാസ്യത അനുഭവപ്പെട്ടിട്ടില്ലായ്കയാലും മററു ചില പ്രതിബന്ധങ്ങൾ നീങ്ങിക്കിട്ടായ്കയാലും ഞങ്ങൾക്കതിന്നു സാധിച്ചിട്ടില്ല. ആദ്യം പറഞ്ഞതുപോലെ ഞങ്ങളുടെ പ്രതീക്ഷ അടുത്തുതന്നെ ഫലിക്കുമെന്നും വായനക്കാൎക്കു കൂടുതൽ സംതൃപ്തിക്കിട വരുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

"റവ്യൂ" അഞ്ചാംവയസ്സിൽ പ്രവേശിക്കുന്ന ഈയവസരത്തിൽ വരിക്കാർ, ലേഖകന്മാർ, പരസ്യക്കാർ മുതലായ നിരവധി സുഹൃത്തുക്കൾ ഞങ്ങൾക്കു ഇതുവരേയും കയ്യയച്ചുതന്നിട്ടുള്ള സഹായസഹകരണങ്ങൾ ഞങ്ങൾ കൃതജ്ഞതാപൂൎവ്വം അനുസ്മരിക്കുകയും, പൊതുജനശുശ്രൂഷ ചെയ്യുവാനുള്ള ഞങ്ങളുടെ സംരംഭങ്ങളിൽ മേലിലും അവരുടെ അത്തരം സഹായങ്ങൾ ഉണ്ടാകുമെന്നു പ്രതീക്ഷിക്കുകയും ചെയ്തുകൊള്ളുന്നു.

തിരൂര് മുസ്ലിം ഗാൎൾസ് ഹൈസ്കൂൾ:—

സർ സ്റ്റാത്താമിന്റെ നിൎദ്ദേശത്തോടുകൂടി മുസ്ലിംവിദ്യാഭ്യാസത്തിനു, സ്ത്രീവിദ്യാഭ്യാസവിഷയത്തിനു പ്രത്യേകിച്ചും, അധഃപതനം വരാതെ സംരക്ഷിച്ചു പോരേണ്ടതിനെക്കുറിച്ചന്വേഷിക്കുന്നതിന്നു ഇപ്പോഴത്തെ വിദ്യാഭ്യാസ ഡയറക്ടർ ഡോക്ടർ ബി. ബി. ഡെ, ഖാൻബഹദൂർ മുഹമ്മദ് സാഹിബൊന്നിച്ചു മലബാർ സന്ദൎശിച്ചതും കോഴിക്കോട്ടുവെച്ചു അദ്ദേഹം മുസ്ലിംനേതൃപ്രധാനികളുമായി കൂടിയാലോചനകൾ നടത്തിയതും മാന്യവായനക്കാർ യഥാവസരം അറിഞ്ഞിട്ടുള്ളതാണ്. ഗവൎമ്മേണ്ടിൽനിന്നു തിരൂർസ്കൂളിന്നു കൂടുതൽ സഹായം ലഭിക്കുവാൻ പരിശ്രമിക്കേണ്ടതാണെന്നും സാധുകുട്ടികളുടെ സംരക്ഷണത്തിന്നു കൂടുതലാവശ്യമായി വരുന്നസംഖ്യ സർ സ്റ്റാത്താമിന്റെ സ്മാരകാൎത്ഥം ഒരു സ്ഥിരം ഫണ്ടു രൂപീകരിച്ചു അതിന്റെ ആദായത്തിൽനിന്നു വഹിക്കേണ്ടതാണെന്നുമായിരുന്നു സമ്മേളനത്തിലെ തീരുമാനങ്ങൾ. ബോർഡിങ്ങ്സ്കോളർഷിപ്പായി കഴിഞ്ഞകാലം ഗവൎമ്മെണ്ടു കൊടുത്തിരുന്ന 5700ക, 150 കുട്ടികൾക്കു മാസത്തിൽ 7½-ക. പ്രകാരം 10 മാസത്തേക്കു 11250കയായി ഉയൎത്തുന്നതിന്നു ഡയരക്ടർ ശുപാൎശ ചെയ്തതു ഗവൎമ്മേണ്ടംഗീകരിച്ചു കല്പനയായിരിക്കുന്നു. ഇന്നത്തെ തോതിൽ 4000 കയോളം ഇനിയും കൊല്ലംതോറും സ്കൂളിന്നു പൊതുജനങ്ങളിൽനിന്നും സിദ്ധിച്ചേതീരൂ. ഈ സംഖ്യ ആദായം കിട്ടാവുന്ന ഒരു സ്ഥിരംഫണ്ടു രൂപീകരിക്കുക എന്നതു ഇന്നത്തെ സ്ഥിതിക്കു കേരളമുസ്ലിംകൾക്കു ഒരു ഭാരമേറിയ ജോലിയല്ല. സ്കൂൾ കമ്മിററി ഇനിയും കാലവിളംബംകൂടാതെ ഫണ്ടു രൂപീകരണത്തിന്നു ശ്രമിക്കുമെന്നും പൊതുജനങ്ങൾ സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

തിരൂര് ഗേൾസ്സ്കൂളിന്റെ മാതൃകാപരമായ നടത്തിപ്പും ക്രമപ്രവൃദ്ധമായ അഭിവൃദ്ധിയും സ്ത്രീവിദ്യാഭ്യാസവിഷയത്തിൽ കേരളമുസ്ലിംകൾക്കു ഉണർവ്വും ഉത്സാഹവും പ്രദാനംചെയ്തിട്ടുണ്ടെന്നുള്ളതു യാഥാസ്ഥിതികകേന്ദ്രങ്ങളിൽനിന്നുകൂടി സ്ത്രീവിദ്യാഭ്യാസത്തിന്നനുകൂലമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന നിവേദനങ്ങൾ സാക്ഷ്യംവഹിക്കുന്നുണ്ട്. സ്ത്രീവിദ്യാഭ്യാസം വഴിക്കു നമ്മുടെ ഗൃഹങ്ങളിൽനിന്നും അജ്ഞാനാന്ധകാരം വിപാടനംചെയ്താലല്ലാതെ നമുക്കു ഫലപ്രദമാംവണ്ണം മുന്നോട്ടുപോകുവാൻ കഴികയില്ലെന്നുള്ള ബോധം പരമാൎത്ഥം മാത്രമാണ്. ഇക്കൊല്ലം തിരൂര് സ്കൂളിനോടനുബന്ധിച്ചു ഒരു പ്രാഥമികവിദ്യാലയംകൂടി തുറക്കുകയും അതിൽ തിരൂര് സ്കൂളിൽനിന്നു എസ്സ്. എസ്സ്. എൽ. സി പാസ്സായി അവിടെനിന്നുതന്നെ ട്രെയിനിങ്ങുകഴിച്ചു 5 മുസ്ലിം അദ്ധ്യാപികമാരെ നിയമിക്കുകയും ചെയ്തിട്ടുള്ളതു മുസ്ലിം വിദ്യാഭ്യാസ പുരോഗതിയെക്കുറിച്ചന്വേഷിക്കുന്നവൎക്കു സന്തോഷാവഹമായ വാൎത്തകളാണ്. ഈ വിദ്യാലയത്തിൽനിന്നു പഠിച്ചുപാസ്സായിട്ടുള്ള ബാലികകൾ ഇന്നു മററു ഗവൎമ്മേണ്ടുദ്യോഗങ്ങളിലും പ്രവേശിച്ചുവരുന്നവരായിട്ടുണ്ട്. പഠിച്ചു വിജയിക്കുന്നവൎക്കു ഉദ്യോഗം സിദ്ധിക്കുന്നതുകൊണ്ടു ഉദ്യോഗകാംക്ഷികളേ പഠിക്കേണ്ടതുള്ളു എന്നൎത്ഥമില്ല. ഉദ്യോഗികജീവിതം അഭിലഷിക്കുന്നവൎക്കു ഈ വിദ്യാലയം ഏററവും സുഗമമായ വഴിയായിട്ടുണ്ടെന്നേ ഞങ്ങൾ സമൎത്ഥിക്കുന്നുള്ളു. ഉദ്യോഗംകാംക്ഷിക്കാതെ കാലോചിതമായ വിദ്യാഭ്യാസത്തെമാത്രം ലാക്കാക്കി തിരൂര് സ്കൂളിൽ ഇന്നു അദ്ധ്യയനം ചെയ്തുവരുന്നവരും അപൂൎവ്വമല്ല. പണം ചെലവുചെയ്തു സ്ത്രീകൾക്കും കാലോചിതമായ വിദ്യാഭ്യാസം കൊടുത്തേ കഴിയൂ എന്ന ബോധം നമ്മുടെ നേതൃപ്രധാനികൾക്കുണ്ടാകുന്നുണ്ടെന്നാണ് ഇതു സൂചിപ്പിക്കുന്നതു്.

Use "CROWN BRAND" TILES


Managing Proprietor:—
P. K. NAIR.

REGD
TRADE MARK
Estd. 1920.

T. le { gram: NAIR, FEROKE
Phone: 70, Calicut.

Sales Depot &
Branch Office at
Wolfendhol
Street, Colombo

14" Gauge



Perfect Model

Best quality "Crown" brand roofings and other tiles

Strong, light & non-porous.
Largely used throughout
INDIA, BURMA, CEYLON & F. M. S.

Manufactured by:—
The Malabar Tile Works,
FEROKE, S. Malabar.

"CROWN BRAND" Underwears for You!

WHETHER WAR OR NO WAR

We are always at your Service

Insist on CROWN BRAND and CROWN BRAND alone

CHEAP AND DURABLE
BEST BY EVERY TEST

Manufactured by:—
MALABAR & PIONEER HOSIERY, LTD.
CHALAPURAM P. O., CALICUT.

SPORTS SHIRTS ARE OUR SPECIALITIES.

വിശ്വാസത്തെ ഉദ്ദീപിപ്പിക്കുന്ന
സ്ഥിതിവിവരക്കണക്കുകൾ

മുമ്മൂന്നാണ്ടുകൂടുമ്പോഴുണ്ടാകുന്ന വില തിട്ടപ്പെടുത്തൽ റിപ്പോർട്ടനുസരിച്ചുള്ള ഇരുപത്തി
മൂന്നാമത്തെ റിപ്പോർട്ട് വെളിപ്പെടുത്തുന്നത് തൃപ്തികരമായ മരണാനുഭവവും
ചുരുങ്ങിയ ചിലവു നിരക്കും ആകുന്നു.

കമ്പനിയുടെ ബാദ്ധ്യതകളെ മൂന്നു ശതമാനം പലിശ നിരക്കിൽ
വില തിട്ടപ്പെടുത്തിയതിൽ കഴിഞ്ഞ മൂന്നാണ്ടത്തെ
അററലാഭം രൂപാ15088092
പാളിസിധാരകന്മാർക്കായുള്ള നിക്ഷേപം തന്നിമിത്തം
54 ലക്ഷം രൂപാ കൂടി വർദ്ധിച്ചിട്ടുണ്ട്.

പ്രഖ്യാപനം ചെയ്യപ്പെട്ട ബോണസ്സ്
മുഴുജീവിത രക്ഷാഭോഗ പാളിസികൾക്ക് 1000-രൂപാക്ക് പ്രതിവർഷം 12½-രൂപാ
എൻഡോമെൻറ് രക്ഷാഭോഗ പാളിസികൾക്ക് 1000രൂപാക്ക് പ്രതിവർഷം 10 രൂപാ

ഓറിയൻറൽ

ഗവർമ്മെൻറു സെക്യൂറിററി ലൈഫ് അഷുറൻസ് കമ്പനി (ക്ലിപ്തം)
1874-ൽ ഇന്ത്യയിൽ റജിസ്റ്റർചെയ്യപ്പെട്ടത്
ഹെഡ് ആഫീസ് ബോംബെ

ബ്രാഞ്ച് ആഫീസ്—8/54 ജെയിൽ റോഡ്, കോയമ്പത്തൂർ.

ഏതുതരം അച്ചടിപ്രവൃത്തികളും, ബുക്ക്
ബൈണ്ടിങ്ങും മിതമായനിരക്കിൽ ഭംഗിയായും
വൃത്തിയായും കൃത്യസമയത്ത് ചെയ്തുകൊടുക്കും.

അധിക വിവരങ്ങൾക്ക് അന്വേഷിക്കുക:—

എമ്പയർപ്രസ്സ്,

ബേങ്ക് റോഡ്,

കോഴിക്കോട്.